E-MAGAZINE 2019

# സംഹിത

LITTLE KITES | GHSS MEENANGADI

E-Mail:littlekites15048@gmail.com


GHSS MEENANGADI

# സംഹിത

## മാഗസിൻ 2018-19

## ഗവ.ഹയർ സെക്കണ്ടറി സ്കൂൾ മീനങ്ങാടി

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | മനോജ് കുമാർ പി എ |
| സ്റ്റുഡന്റ് എഡിറ്റർ | : | ഫസൽ റഹ്മാൻ |
| പത്രാധിപ സമിതി | : | രാജേന്ദ്രൻ എം, മനോജ് സി, ഷീജ മാത്യു. |
| മുഖചിത്രം | : | ശ്രീരാഗ് വി എസ് |

# ആശംസ...




ലോകം ഹൈടെക് യുഗത്തിലൂടെ കടന്നുപോകുമ്പോൾ വിദ്യാഭ്യാസരംഗവും ആധുനികവൽക്കരിക്കപ്പെടുന്നു. സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ നമ്മുടെ ക്ലാസ്സുമുറികളുടെ അകത്തളങ്ങളെ മാറ്റിമറിക്കുന്നു. പഠനപ്രവർത്തനങ്ങളുടെ പതിവു രീതികൾ പുതിയ കാലത്തിന്റെ രൂപമാറ്റങ്ങൾക്ക് വിധേയമാവുന്നു. എഴുത്തും വായനയും ഡിജിറ്റലൈസ് ചെയ്യപ്പെടുമ്പോൾ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് സംഹിത എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. വിദ്യാർത്ഥികളുടെ വായനാനുഭവങ്ങൾക്ക് പുതുഭാവം പകർന്നുനൽകാൻ ഇതിനു കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഇതിന്റെ അണിയറശിൽപ്പികൾക്കും ഈ ഉദ്യമത്തിനും എല്ലാ ഭാവുകങ്ങളും നേരുന്നു.

കെ.എം. നാരായണൻ

പ്രധാനാധ്യാപകൻ

## ഉള്ളടക്കം

സംഹിത....1
ആശംസ....4
മുഖമൊഴി....7
ഒരു പഴയ ആൽബം തുറന്നുനോക്കിയപ്പോൾ....8
...........നിന്നെ ഞാനറിയുന്നു....11
മീനങ്ങാടി സ്കൂൾ വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു....14
LIFE....15
MOTHER'S LOVE....16
FRIEND SHIP....17
....17
जीवन – एक क्रिकट (क ख)....18
स्वप्नसाफल्यम्....21
Freedom At Midnight....23
“MODERN TECHNOLOGY” A BOON OR A BANE ?....24
KILLING FLOOD....26
My dear....28
ലളിതാംബികഅന്തർജ്ജനം....30
തെയ്യം....31
प्रत्यभिज्ञानम्....32
എന്നിൽ നിന്നെൻെറ വാക്കുകൾ....35
മഴയുടെ നൊമ്പരം....36
യാതന കണ്ട മിഴികൾ....37
എൻെറ കേരളം....39
എൻെറ മാതൃഭൂമിക്ക്....40
മയിൽപ്പീലി....43
മകൾക്കായി....44
കവിഞ്ഞൊഴുകി....45
സ്വാതന്ത്ര്യം....46
സ്ത്രീ....47
छाया....48
നിത്യം പൂർണ്ണ സത്യം....50
അപരിചിതരായ കൂട്ടുകാർ....52
ഇന്നും തടങ്കലിൽ....54
“..എന്താണ് സംഭവിച്ചത് ?”....55
കരുതാം നാളേക്കായ്........ ഊർജ്ജം....58

ജൂനിയർ റെഡ് ക്രോസ് [jrc]....................59
അടൽ ടിങ്കറിംഗ് ലബോറട്ടറി....................60
NCC....................61
STUDY TOUR....................62
ജോയൽ എന്ന വിസ്മയം....................64
രമേഷ് വയനാടിന്റെ പൊൻതൂവൽ....................65
My Inspiring Teacher....................66
വിദ്യാരംഗം കലാസാഹിത്യവേദി....................67
പ്രകൃതിപഠന ക്യാമ്പ് (കല്ലുമുക്ക്)....................70
ശാസ്ത്രവും സാങ്കേതിക വിദ്യയും സുസ്ഥിര ഭാവിക്ക്....................72
വിദ്യാർത്ഥികളുടെ കലാവിരുന്നുകൾ....................77
സംസ്ഥാന മേളകളിൽ മികവ് തെളിയിച്ചവർ....................81
ജില്ലാ ഐ ടി മേളയിൽ മികവ് തെളിയിച്ചവർ....................85
little kite ഉയർന്നതല ക്യാമ്പിൽ പങ്കെടുത്തവർ....................86
പിന്നണിയിൽ ഇവർ....................87

# മുഖമൊഴി

ഇന്നിന്റെ ലോകം-ഇ ലോകം മനുഷ്യ വർഗ്ഗത്തിന്റെ ആരംഭകാലം മുതൽ കല അവന് കൂട്ടായിരുന്നു.വിശ്രമ വേളകൾ ആനന്ദപ്രദമാക്കാൻ കല കൂട്ടായപ്പോൾ സാംസ്കാരിക പുരോഗതിയിലേക്ക് അവൻ നടന്നുതുടങ്ങി. എഴുത്തിന്റെയും വായനയുടെയും ലോകത്തേക്കുള്ള ചുവടുവെപ്പ് കൂടിയായി അത്.തന്റെ ചുറ്റുപാടുകളെ പകർത്താൻ തുടങ്ങിയപ്പോൾ കലയുടെയും കവിതയുടെയും ചിത്രത്തിന്റെയും പിറവിക്ക് ബീജാവാപം ചെയ്യപ്പെട്ടു.എഴുത്തിലും വായനയിലും അവൻ അഭിരമിച്ചപ്പോൾ അനന്തരക്കാലം ലോകം ക്ലാസ്സിക്കുകളാൽ നിറഞ്ഞു.

കാല പ്രവാഹത്തിൽ എഴുത്തിന്റെയും വായനയുടെയും രീതികൾ മാറി തുടങ്ങി.ശിലാ ലിഖിതികളിൽ നിന്നും അച്ചടിയുടെ രൂപത്തിലേക്കുള്ള വഴി മാറൽ സൃഷ്ടികളുടെ മഹാ പ്രവാഹത്തിനു തുടക്കമിട്ടു.

തുടർന്ന്ദൃശ്യശ്രാവ്യമാധ്യമങ്ങളിലേക്ക് സംക്രമിച്ച സാഹിത്യം സാധാരണ മനുഷ്യരുടെ ചൂരും ചൂടും നിറഞ്ഞ ജീവിതത്തിന്റെ നേർ സാക്ഷികളായി. പുരോഗതിയുടെ പുതിയ പാതകളിലൂടെയുള്ള സഞ്ചാരം സാഹചര്യങ്ങളെ മാറ്റി മറിച്ചപ്പോൾ സാഹിത്യ രചനാരംഗത്തും അത് പ്രതിഫലിച്ചു. എഴുത്തുകൾ ഇ-എഴുത്തുകളായും വായന ഇ-വായനകളായും കൃതികൾ ഇ-പുസ്തകങ്ങളായും മാറി. ഇന്നിന്റെ ലോകത്ത് ഇവയാണിന്ന് നമ്മുക്ക് കൂട്ടായുള്ളത്.

അതെ ഇന്നിന്റെ വായനാ ഇ-വായനയായപ്പോൾ ഭാവനയുടെ അനന്തവിഹായസ്സിൽ അഭിരമിക്കുന്ന കുട്ടുകാർക്കായി ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് **സംഹിത** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ഒരുക്കുകയാണ്. പുതുമയുടെ പോരായ്മകൾ കണ്ടേക്കാം. അതൊരു കുറവായ് കാണാതെ ഈ സദുദ്യമത്തെ പ്രോത്സാഹിപ്പിക്കുമെന്ന വിശ്വാസത്തോടെ ഇത് നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

**മനോജ് കുമാർ കെ.എസ്**
**ചീഫ് എഡിറ്റർ**

# ഒരു പഴയ ആൽബം തുറന്നുനോക്കിയപ്പോൾ



ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്, മഞ്ഞു മൂടിയിരുന്ന പുലരിയിൽ എന്തോ പേടി സ്വപ്നം കണ്ട് പെട്ടെന്ന് ഞെട്ടി എഴുന്നേറ്റു. നോക്കുമ്പോൾ ചേച്ചി നല്ല ഉറക്കത്തിലായിരുന്നു. വിളിച്ച് ഉണർത്തേണ്ട എന്നു വിചാരിച്ച് കൊണ്ട് വെറുതെ കിടന്നു. ചുറ്റുപാടുമൊന്ന് വീക്ഷിച്ചു .കുറേ നേരം ഇന്നത്തെ ദിവസത്തെക്കുറിച്ചോർത്ത് കിടക്കുകയായിരുന്നു. അപ്പോഴാണ് അടുക്കളയിൽ പാത്രം വീഴുന്ന ശബ്ദം

കേട്ട് ഒരു നിമിഷംഅങ്ങോട്ടായിരുന്നു ശ്രദ്ധ. പിന്നെ ചേച്ചിയുടെ മുഖ ഭാവങ്ങൾ കണ്ട് ചിരിച്ചുകൊണ്ടേയിരുന്നു. ഞാൻ എഴുന്നേറ്റ് ജനാലയൊന്ന്തുറന്നു നോക്കി. മഞ്ഞു വാരിയെറിയുന്നതു പോലെ തണുപ്പ് ജനാലയുടെ പഴുതികളിലൂടെ അകത്തേക്കു കയറി. കോരിച്ചൊരിയുന്ന തണുപ്പിൽ ചേച്ചി പുതപ്പ് വലിച്ച് അതിൽ ചുരുണ്ട് ഉറങ്ങുന്നത് കാണാൻ നല്ല ചേലാ! ഞാൻചേച്ചിയുടെ അടുത്തേക്ക് നീങ്ങിക്കിടന്നു. എന്നിട്ട് തുറന്നിട്ടിരിക്കുന്ന ജനാലയിലൂടെ പുറത്തേക്ക് നോക്കിയങ്ങനെ വഴുതി ഉറക്കത്തിലേക്ക് വീണു പോയി . പിന്നെ ഭീകരമായ ശബ്ദം കേട്ട് ഞാൻ എഴുന്നേറ്റു.ഞാൻ എഴുന്നേറ്റ് നോക്കിയപ്പോൾ ചേച്ചി മാറിൽ തല്ലി  കരയുന്നു.

അച്ഛൻ വീടിന്റെ മുമ്പിൽ നിൽക്കുന്നു.ചേച്ചി വേഗം എന്നെ കണ്ടപ്പോൾ കണ്ണു തുടച്ചു. അമ്മയെ കാണാനില്ല . അമ്മയെവിടെ ചേച്ചി? ഞാൻ ചോദിച്ചു. ചേച്ചി എന്നോട് പറഞ്ഞത് 'അമ്മയ്ക്ക് തലവേദനയായിട്ട് കിടക്കുകയാണ് '.ചേച്ചി എന്നോട് പല്ല് തേക്കാൻ ആവശ്യപ്പെട്ടു. ഞാൻ അതെല്ലാം ചെയ്തു. ചേച്ചിയോട് കുറേ നേരം ചോദിച്ചിട്ടും ചേച്ചി ഒന്നും പറയുന്നില്ല.അമ്മയുടെ മുറിയുടെ വാതിൽ ഞാൻ തുറക്കാൻ ശ്രമിച്ചപ്പോൾ അച്ഛൻ എന്നെ തടഞ്ഞു.എന്താ അച്ഛാ അമ്മയ്ക്ക് പറ്റിയത്? എന്ന് ഞാൻ ചോദിച്ചപ്പോൾ അച്ഛൻ എന്നെ കെട്ടിപ്പുണർന്നുകൊണ്ട് വിതുമ്പാൻ തുടങ്ങി.അമ്മയെ ദൈവം വിളിച്ചു എന്ന് അറിഞ്ഞപ്പോൾ എന്റെ പ്രാണൻ നിന്നുപോയി. സുകുമാരിചേച്ചിയെ ചേച്ചി വിളിച്ചു പറഞ്ഞു. അച്ഛൻ

വീടിന്റെ ഉമ്മറുത്ത് നിന്ന് വിതുമ്പുന്നു. ഞാനും ചേച്ചിയും അമ്മയുടെ അടുക്കലാണ്.ചേച്ചിയെന്നെ ചേർത്തു പിടിച്ച് കൊണ്ട് മെല്ലെ മെല്ലെ കരയുന്നു.വീട്ടിൽ ആളുകൾ തടിച്ചുകൂടി .

അമ്മയെ ശ്മശാനത്തിലേക്ക് എടുക്കുമ്പോൾ ഞാനും ചേച്ചിയും അമ്മയുടെ കാലുകൾ പിടിച്ച് ഉറക്കെ കരഞ്ഞു.നാലു മണിക്കൂർ കഴിഞ്ഞു.എല്ലാവരും അവരുടെ വീടുകളിലേക്ക് പോയി. ഒന്ന് കെട്ടി പിടിച്ച് പൊട്ടി കരയാൻ അമ്മ ഉണ്ടായിരുന്നെങ്കിൽ.കരയുമ്പോൾ സമാധാനിപ്പിക്കാൻ അച്ഛനും ചേച്ചിയും കൂടെയുണ്ടായിരുന്നു.അന്നൊരു ദിവസം ആർക്കും ഭക്ഷണം വേണ്ടായിരുന്നു.അമ്മയുടെ ഓർമ്മകൾ തളംകെട്ടികിടക്കുന്നു.അമ്മയുടെ കുറേ സാരികൾ കണ്ടപ്പോൾ അതിലെ അമ്മയുടെ ഇഷ്ട സാരി കൈയ്യിലെടുത്ത് അച്ഛൻ ഒന്ന് പൊട്ടിക്കരഞ്ഞു.ചേച്ചിയും ഞാനും അച്ഛനെ സമാധാനിപ്പിച്ചു.സന്ധ്യയായപ്പോൾ വിളക്കു തെളിയിച്ചു. അമ്മയ്ക്കു പകരം ഇന്ന് ചേച്ചിയായിരുന്നു രാമായണം വായിച്ചത് അമ്മയില്ലാത്ത ജീവിതം..... നഷ്ടപ്പെട്ട ഒരു ജീവിതമാണ്.അമ്മയെ സ്നേഹിച്ചു മതി വന്നില്ലായിരുന്നു.എങ്കിലും എന്തിനാണ് ഇത്ര നേരത്തെ തന്നെ ദൈവം കൊണ്ട് പോയത് എന്ന് പറഞ്ഞ് കൊണ്ട് ചേച്ചി എപ്പോഴും ദൈവത്തെ ഒരുപാട് ചീത്ത പറയും അതുകഴിഞ്ഞ് എന്നെ കെട്ടിപുണർന്നു കൊണ്ട് കരയുകയായിരുന്നു.അച്ഛന്റെ വിഷമം ഒന്നും അച്ഛൻ പുറത്തു കാണിച്ചില്ല.അമ്മയുടെ ഓർമ്മകൾ വീടിന്ന് പോലും മറക്കാൻ കഴിയുന്നില്ല.അടുക്കളയിലേക്ക് ഇറങ്ങുമ്പോൾ അമ്മയെ ഓർമ്മ വന്ന് പോവുകയാണ്.അമ്മ മരിക്കുന്നതിന്റെ തലേന്ന് ധരിച്ചിരുന്ന വസ്ത്രമെല്ലാം ഒന്നുമെല്ലെ കൈയ്യിലെടുത്തു ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന അമ്മയുടെ ചിത്രങ്ങൾ,ചീർപ്പിൽ കുടുങ്ങി കിടക്കുന്ന അമ്മയുടെ മുടിക്കെട്ടുകൾ,അമ്മയുടെ വസ്ത്രങ്ങൾ,അമ്മയുടെ മധുരമാം ഓർമ്മകൾ എല്ലാം നിറഞ്ഞ ഒരു വീട്ടിൽ ഞങ്ങൾ മൂന്നു പേർ മാത്രം.അമ്മ മരിച്ചിട്ട് മൂന്നാം ദിവസം അച്ഛൻ ഞങ്ങളെയും കൂട്ടി വീടിന്റെ പിന്നാമ്പുറത്തുള്ള കാപ്പി തോട്ടത്തിലേക്ക് നടന്നു.ഒരു വലിയ കല്ലിന്റെ മേലെയിരുന്ന് അമ്മയുടെ ഓർമ്മകൾ പങ്കു വെച്ചു.

പെട്ടെന്ന് ഞാൻ അച്ഛനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.അച്ഛൻ പറഞ്ഞു:'ആ,മാനത്ത് കാണുന്ന പൂർണ്ണമായ അമ്പിളി നമ്മുടെ അമ്മയാണ്.അടുത്ത്

തന്നെ മൂന്ന് നക്ഷത്രങ്ങൾ,അത് ഞങ്ങളാണെന്നും പറഞ്ഞുകൊണ്ടച്ഛൻ എനിക്ക് സാന്തനമേകി.കുറേ നേരം കഴിഞ്ഞപ്പോൾ ആകാശത്തേക്ക് നിറയെ നക്ഷത്രങ്ങൾ നിറഞ്ഞിരുന്നു.കാപ്പി തോട്ടത്തിൽ നിന്ന് നിലാവ് ചിരിച്ച കൊണ്ടേയിരുന്നു. അമ്മ മരിച്ചിട്ട് ഇന്നേക്ക് ഒരു വർഷം തികയുകയാണ്.ചെറിയ ആൽബപുസ്തകം അന്ന് നിലാവ് പരന്ന ആ രാത്രിയിൽ തന്നെ തുറന്ന് നോക്കിയപ്പോൾ ആന്ന് മിനുങ്ങിയിരിക്കുന്നു.കൈയ്യിലുണ്ടായിരുന്ന ആൽബ പുസ്തകം കൈയ്യിൽ നിന്നും മാറ്റി വെച്ച് അമ്മയുടെ പുതപ്പ് എന്നെ വന്ന് മൂടി പുതച്ചു..........,



Shahana Sherin

8g

# ..........നിന്നെ ഞാനറിയുന്നു.

എനിക്കിന്ന് ഉറങ്ങുവാനേ കഴിഞ്ഞില്ല. നാളെ സ്കൂൾ തുറക്കുകയാണ്. രണ്ടു മാസം എത്ര പെട്ടെന്നാണ് പോയത്. സ്കൂൾ തുറക്കുമ്പോൾ പുതിയ കൂട്ടുകാർ ആരൊക്കെയായിരിക്കും?. ഗോപിയും മനുവും എന്റെ ക്ലാസ്സിൽ തന്നെയായിരിക്കുമോ?. രാവിലെ പുതിയ യൂണിഫോം അണിഞ്ഞ് മഷിയുണങ്ങാത്ത മണമുള്ള പുസ്തകവുമായി സ്കൂളിലേക്ക് പോകുമ്പോൾ വഴിയോരത്തെ കാഴ്ചകൾ എന്തെല്ലാമായിരിക്കും. ഉറങ്ങാതെ കട്ടിലിൽ തിരിഞ്ഞും,മറിഞ്ഞും കിടന്നു. നേരം വെളുക്കാറായപ്പോൾ അറിയാതെ ഉറങ്ങിപ്പോയി.

"മോനെ അനന്തു, നീ സ്കൂളിൽ പോണില്ലേ, മണി ഏഴായി വേഗം എഴുന്നേൽക്ക് ". അമ്മയുടെ ദേഷ്യവും സന്തോഷവും കലർന്ന ശകാരം കേട്ടപ്പോഴാണ് ഞെട്ടിയുണർന്നത്. കമ്പിളി ഒതുക്കിവെച്ച് വേഗം തയ്യാറായി പുറപ്പെട്ടു. വഴിയിൽ പുതിയ കുട്ടികൾ, ആരെയും പരിചയമില്ല. മറ്റേതെങ്കിലും വിദ്യാലയത്തിൽ നിന്ന് ഇവിടെ ചേർന്നവരായിരിക്കും. അറിയാവുന്ന ചിലരോടെല്ലാം കുശലം പറഞ്ഞ് സ്കൂൾഗേറ്റിലെത്തി.

സ്കൂളിന് വേനലവധിക്ക് അടക്കുമ്പോൾ കണ്ട അന്തരീക്ഷമേയല്ല. വർണ്ണകടലാസുകൊണ്ടും തെങ്ങോലകൊണ്ടും അലങ്കരിച്ചിരിക്കുന്നു. കൂട്ടുകാർ കൂട്ടം കൂട്ടമായി പല സ്ഥലത്തിരുന്ന് കഥകൾ കൈമാറുന്നു. അധ്യാപകരെല്ലാം പ്രവേശനോത്സവ തിരക്കിലാണ്. ആലീസ് ടീച്ചർ റിബ്ബൺ കെട്ടുന്നു. മുഹമ്മദ് മാസ്റ്റർ ബലൂൺ വീർപ്പിക്കുന്നു. ആകെ ബഹളമയം. ഞാനെന്റെ പഴയ ക്ലാസ്സിനെ ലക്ഷ്യമാക്കി നടന്നു. 8 ബി ക്ലാസ്സ്. പഴയ കൂട്ടുകാരെയൊന്നും കണ്ടില്ല. എന്റെ ഇരിപ്പിടത്തിലേക്ക് നോക്കി. കഴിഞ്ഞ വർഷത്തെ സുന്ദരമായ ചില ഓർമ്മകൾ എന്നിലൂടെ കടന്നു പോയി. ആലോചിച്ച് നിൽക്കുമ്പോൾ ഹെഡ് മാസ്റ്ററുടെ ശബ്ദം ഉച്ചഭാഷണിയിലൂടെ മുഴങ്ങി

കേട്ടു. "എല്ലാ കുട്ടികളും അസംബ്ലിയിൽ വരിവരിയായി നിൽക്കുക. പുതിയ കുട്ടികൾ മുമ്പിലും ഇപ്പോൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ അതിനു പിറകിലും". പൂമ്പാറ്റകളെപ്പോലെ വർണ്ണ ചിറകുകൾ വീശി പുതിയ അന്തരീക്ഷത്തെ ഉൾകൊണ്ട് കുറേ കുട്ടികൾ മുന്നിലേക്ക് നിന്നു.ഞാൻ അസംബ്ലിയിൽ വരിയുടെ അവസാനമാണ്. ഹെഡ്മാസ്റ്ററും അധ്യാപകരും ഒരോ കുട്ടിക്കും മധുരം നൽകുന്നു. എനിക്കെപ്പോഴാണ് തരിക എന്നറിയാൻ ഞാൻ ഏന്തി നോക്കി. അപ്പോഴാണ് നിഷ്കളങ്കമായ ചിരിയോടു കൂടി, പ്രായത്തേക്കാൾ ശരീരഭാരമുള്ള ഒരു എട്ടാം ക്ലാസ്സുകാരൻ എല്ലാവരെയും ചിരിപ്പിച്ചു കൊണ്ട് അസംബ്ലിയുടെ മുന്നിലേക്ക് നടന്നു നീങ്ങുന്നു. ഹെഡ് മാസ്റ്റർ നൽകിയ മിഠായി നുണച്ചിറക്കി കൊണ്ട് അവൻ തന്റെ സ്ഥാനത്ത് വന്നു നിന്നു. അപ്പോഴും കുട്ടികൾ ചിരിക്കുന്നുണ്ടായിരുന്നു. അസംബ്ലി കഴിഞ്ഞ് ഞാൻ 9 എ ക്ലാസ്സിലെത്തിയപ്പോൾ പുറകിൽ നിന്നൊരു ശബ്ദം കേട്ടു. കുറേ കുട്ടികളെ ഓടിച്ചു കൊണ്ട് ഒരു തടിച്ച കുട്ടി ഓടി വരുന്നു. കൈയ്യിൽ ഒരു കല്ലുമുണ്ട്. പെൺകുട്ടികൾ അലറിവിളിക്കുന്നു. നാലു പാടും കുട്ടികൾ ചിതറിയോടി. ആരോ പോയി അധ്യാപകരെ വിളിച്ചു കൊണ്ടു വന്നു. ഞാൻ നോക്കിയപ്പോൾ അസംബ്ലിയിൽ കണ്ട തടിയനായ കുട്ടിയായിരുന്നു അത്. കാരണം അന്വേഷിച്ചപ്പോൾ എല്ലാവരും അവനെ പൊട്ടാന്ന് വിളിക്കുന്നു. കൈയ്യിലെ കല്ല് താഴെയിട്ട് അവൻ പറഞ്ഞു "ഞാൻ പൊട്ടനല്ല സാറേ. ഇവരെല്ലാമെന്നെ കളിയാക്കുന്നു."വ്യക്തമല്ലെങ്കിലും അവന്റെ വാക്കുകൾ അതാണെന്ന് ഞാൻ മനസ്സിലാക്കി. അടക്കിപ്പിടിച്ച വിഷമം കണ്ണുനീരായി അവന്റെ മുഖത്തിലൂടെ ഒലിച്ചിറങ്ങി.

ഇപ്പോൾ അവൻ പുതിയ ക്ലാസ്സിലാണ്. ഇടയ്ക്കെല്ലാം അവനെ കാണാൻ ഞാൻ പോകാറുണ്ട്. ഒരിക്കൽ ക്ലാസ്സിനടുത്തുള്ള മരത്തണലിൽ അവൻ ഇരിക്കുന്നു. ഞാനടുത്തു പോയി അവനെ ഒന്ന് തൊട്ടു നോക്കി. നിഷ്കളങ്കമായ ഒരു ചിരി അവൻ എനിക്ക് സമ്മാനിച്ചു. അവനെ കൂടുതൽ അറിയാൻ ഞാൻ ശ്രമിച്ചു. ഏതോ സിസ്റ്റർമാർ നടത്തിയ പള്ളിക്കൂടത്തിലായിരുന്നു അവൻ പഠിച്ചത്. അവനെ

മടുത്തപ്പോൾ അവരും കൈയൊഴിഞ്ഞു. വീടിനടുത്തുള്ള പൊതു വിദ്യാലയത്തിന്റെ മേന്മകൾ കേട്ടപ്പോൾ രക്ഷിതാക്കൾ മാറി ചിന്തിച്ചു. അവന് പറ്റിയ ഇടം ഇവിടെയാണെന്ന് മനസ്സിലാക്കി. കൂട്ടുകൂടാനും, അവനെ സഹായിക്കാനും, അവന്റെ കൂടെ നടക്കാനും ഇത്തരം സ്കൂളിലെ കുട്ടികൾ വേണം.ഇന്നവൻ ഒരുപാട് മാറിയിരിക്കുന്നു. സ്കൂളിലെ ആഘോഷ പരിപാടികളിലെല്ലാം പങ്കെടുക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ സമൂഹത്തിൽ മാറ്റി നിർത്തേണ്ടവരല്ല. അവരെ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കും എന്ന തോന്നലോടെ ഞാൻ 9 എ ക്ലാസ്സിനെ ലക്ഷ്യമാക്കി നടന്നു......


(ഒരു കുട്ടിയുടെ ഡയറി കുറിപ്പിൽ നിന്ന്
അനിൽ എന്ന അധ്യാപകന്റെ കണ്ടെത്തൽ)

# മീനങ്ങാടി സ്‌കൂൾ വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു




മീനങ്ങാടി. ഗവ. ഹയർ സെക്കൻഡറി സ്കൂൾ വജ്രജൂബിലി ആഘോഷവും, വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് യോഗവും ഐ സി ബാലകൃഷ്ണൻ എം എൽ എ ഉദ്ഘാടനം ചെയ്തു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ ബി നസീമ അധ്യക്ഷത വഹിച്ചു. കോഴിക്കോട് സദ്ഭാവന ഗ്ലോബൽ സ്കൂൾ സി ഇ ഒ, കെ ഇ ഹാരിസ് മുഖ്യ പ്രഭാഷണം നടത്തി. വിരമിക്കുന്ന അധ്യാപകരായ ടി. ബാലൻ, ഇ പി ശാന്ത എന്നിവർക്ക് ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എ ദേവകി ഉപഹാരം നൽകി. ദേശീയ സംസ്ഥാന തലങ്ങളിലെ വിവിധ മേളകളിലും, അക്കാദമിക രംഗത്തും മികവു പുലർത്തിയ വിദ്യാർഥികളെയും, അധ്യാപകരെയും ചടങ്ങിൽ അനുമോദിച്ചു .

ജില്ലാ പഞ്ചായത്ത് അംഗം സി.ഓമന ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതാ ശശി ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ മിനി സാജു, ഉഷാ രാജേന്ദ്രൻ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ കെ പ്രഭാകരൻ, വിദ്യാഭ്യാസ ഓഫീസർ ഹണി ജെ അലക്സാണ്ടർ, ഹയർ സെക്കണ്ടറി ജില്ലാ കോ-ഓർഡിനേറ്റർ എം അബ്ദുൽ അസീസ്, പ്രിൻസിപ്പൽ പി എ അബ്ദുൽ നാസർ, ഹെഡ്മാസ്റ്റർ കെ എം നാരായണൻ, ഡോ. ബാവ കെ പാലുകുന്ന് എന്നിവർ പ്രസംഗിച്ചു.



Sreerag vs 9J

# LIFE



Life is an oppartunity , benefit from it
Life is beauty , admier it
Life is a dream , realize it
Life is a challenge , meet it
Life is a duty ,complete it
Life is a game , play it
Life is a promise , fulfill it
Life is a sollow , outcome it
Life is a song , sing it
Life is a struggle , accept it
Life is a tragedy , confrout it
Life is an advanture , a lawis
Life is luck , make it
Life is too percious do not destroy it
Life is life fight fae it



Gayathry Manoj
9H

# MOTHER'S LOVE....

When god created the earth and filled it with life ,he bestowed a number of gifts on living beings. He gave them all their daily needs . But to infants who could neither seek nor obtain nothing their on god gave 'mother'. she gives birth to the child ,nourishes and protect her baby

The HINDU worship 'mother' as their god .The BIBLE celebrates the love of holly mother MARY Quran says that HEAVEN lies beneath the feat of mother.She is the greatest gift of the Almighty one,
'Mother and mother's love.'



Aleena K Biju
9I

# FRIEND SHIP

A Smile in my face
Is a Smile In My Friendship
The Dews On the Bushes
The Stars on the Sky
The Fishes in the Water
Are in Friendship

The Clash of my Friendship
Was a Clash of my Heart
The hope of Heart
Is a good Friendship
I hoped for Friends



Aleena K Biju
9I

# जीवन – एक क्रिकट

(दामोदरन तेरुवुंकाल – जी.एच.एस.एस. मीनंङाड़ी)

सृष्टि के विराट मैदान,
पिच बनाकर
खेलनेवाला खेल जैसा है,
हम सब का जीवन।
धरती है वह पिच,
एक जगह नहीं ,
सब कहीं
समय बोलिंग कर रहा है,
मानव रूपी बल्लेबाज पर ।
करता है अंपयर का काम,
और सिग्नल देता है समय पर।
करता है उँगली ऊपर ऐन वक्त।
कभी देख,
कभी अनदेख,
कभी कैच आउट,
कभी रन आउट,
रिटयर होकर भी –
कभी लौटना पड़ता है।



दामोदरन तेरुवुंकाल

यमराज – सा अंपयर
खेलने का दूसरा मौका
देता ही नहीं किसी को।
फैसला तो फैसला ही बन जाता है।
विकट खो जाता है प्राण – सा,
फिर क्या होता है,
पता नहीं।
दूसरी बारी नमुमकिन है।
क्या कभी होगा 'रि–इनकारनेशन'?
कभी कभी खोता है विकट,
दुर्घटना सामने आकर।
कभी एल.बी.डब्ल्यू की तरह,
हम विकट खोते हैं।
खेलते खेलते शायद,
अर्ध शतक मिलता है।
शायद शतक भी।
कभी कभी आते ही जाते हैं।
कुछ लोग ऐसे हैं,
विकट का मूल्य समझते ही नहीं।
असमय पर खुदकुशी कर,
वे हिट विकट बन जाते।

# Childhood

When I was a girl
The whole world was like a pearl
My childhood was the time when
My life was full of colours
Those days when my universe was
around my toys
world was full of loveliness
It must be good to be a child
Once again
Back to those innocent days
which were the golden days of
my life



Irene George
8H

# स्वप्नसाफल्यम्

दृष्टं मया स्वप्नमहो विचित्रं
विश्वासयोग्यं कथितुं न शक्यम् ।
तथापि मच्चित्तप्रदोषदञ्च
उन्मेषदं स्फूर्तिविधायकञ्च ।।

रात्रौ तु सुप्तिं प्रगते तदा हि
मे मानसं कल्मषपूरितञ्च ।
तथापि दृष्टं कथितं च पूर्वं
विना हि विघ्नञ्च विशिष्टमेकम् ।।

स्वप्नेहमेको धनिकश्चप्रौढः
सर्वे च दासाः परितश्च वै माम् ।
अमूल्यसम्पूर्णविचित्रवेषै-
रलङ्कृतोहं नृपतुल्यभावैः ।।

प्रासादकल्पं मम वासगेहं
दृष्ट्वा जनाः विस्मितचित्तभूताः ।
तथा च मज्जीवनसौभगेन
दिवौकसो भूमिमवाप्तुमैच्छन् ।।

विशिष्टभोज्यं विरसं विना च
वित्तेशकारुण्यप्रभावितेन ।
आमोदपूर्णं पदमैन्द्रतुल्यं
आप्तं मया तत्र विशेषमूलम् ।।

सुप्तोत्थितस्य मम गेहतल्पे
वृत्तान्तपत्रञ्च विशेषयुक्तम् ।
लब्धा मया "लोट्टरि"कोटिसंख्या
प्रतोषलाभाय ततोधिकं किम् ।।

प्रभातस्वप्नं सभलं भवेद्वा
प्रभुत्वपूर्णं मम जीवनं किम् ।

यद्यस्ति मे जीवनतोषदं वै
तदा च तृप्तोहमतुल्यभूपः ।।



(2017-18 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസവകുപ്പ് സംസ്കൃതാദ്ധ്യാപർക്കായി  നടത്തിയ രചനാമത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ കവിത, രചന – രാജേന്ദ്രൻ എം ജിഎച്ച്എസ്എസ് മീനങ്ങാടി)

# Freedom At Midnight..

Freedom at midnight(1975) is a non-fiction book by larry collions and dominique lapierre. It decribes events around india independence and partition in 1947-48,beginning with the appointment of lard mountbattern of burma as the last viceroy ofbritish india,and ending with the death and funeral of mahatma gandhi.



The book gives a detailed account of the last year of british raj,the independence, of british india on religious grounds and the blood shed that followed.

There is a description of the british summer time capital shimla in the himalayas and how supplies were carried up steep mountions by porters each year on the theme of partition, the book related that the crucial maps setting the boundary separating india and pakistan, were drawn that year by cyril redcliffe, who bad never visited india in his life before being appointed as the chairman of the boundary commission. It depicts the fury of both hindies and muslins, misled by their communal leaders, during the partitation, and the biggest mass slaughtes in the history of india as millions of people uprooted by the partition and died to migrate by train,ox cart, and on foot to near places designated for their particular religious group. Many migrants fell rictims to bandits and religious. One incident describes a canal in labore that ran with blood and floating bodies. Also covered in detail arethe events leading to the assossination of mahatma gandhi,as well as the life and motives the british educated jawaharlal nehru and pakistani leated muhammed ali jinnab.



Hanna Misriya

# "MODERN TECHNOLOGY" A BOON OR A BANE ?

" Necessity is the mother of invention" The worldwide proverb which signifies the eager of human beings to get translated from an ancient life to a well built and well settled life. Today's human life is the best example which gives the proof of human's enlightenment to a new world . we can say that the growth of science and technology were the milestones given a prominent role in this development



Today's technology consists of many revelutions. It made the century of homosapiens get remembered for the time the earth exists. So in appearence we can say with out doubt that technology gave a vital role in moulding every individuales life . It is true that modern technologies purpuse is to make lives easier but every benefit has a cost. As the sides of a win , every invention or idea has its own boons and banes.

Modern technology has expanded the industry. There was a time at which people uses DVDs and cassette players for entertinment. But now even FIFA is available on smart phones !we can say that smartphones are small windows that open to a wide world . As information are the keys for growth , these techonology assess everyone to a glowing future .we can gain any information on anything in a search in a smart phone or through other medias within the time taken to blink an eyes.

Technologies made our dreams come true . In ancient times, we sadly gone jealous on birds by seeing their flying . But now , the ideas from human brain made him able even to fly in sky . So blindly we

can say that technologies itself improves our life style . With the latest facilities we can even mould future of world even by sitting at home . Education is even available online . Its quite amazing .

Every thing becomes dreadful when the evil side of it is discovered . The technologies that gave pleasure and pried to human mind gave a pain to human heart . This is proven when we remember the first world war . The invention s prevailed light atom bomb massacred many lives . The legends continued . It's still going on . As we know , friendship is a golden key which is valuable . But nowadays it got shortened to a small screen .we tempt to find friends who are hidden behind screen than appeared ones.

The lives of women became more in seccured in the time which we say they became more powerful . Many softwears are prevailing which are much powerful to demolish them from the society . It also contains many dreadful games like momo and blue whale etc. This disadvantages contains the decreased creativity of human as they spend much time on smart phones and internet

The growth of technology is the most prominent growth . It can be amaze of mysteries . When revealed , it is useful ; but when used for bad deeds , it 's much powerful for a complete distraction . This all symbolize that and evil fought of human mind is 100 times more powerful than an atom bomb the ideas coming are moulded into new things which we call technology .

So let's join our hands together to make this world the best place to live in through technologies . It becomes a boon when created with an evil mind . Let all creations be the gift of god .

We can all use technology as a window to light. Let new technologies rise, for the moulding of an enormous world of knowledge ,development and peace .



Deva Nanda .k .s

# KILLING FLOOD



*John was so happy , because he was going back home after five years. John look out through the windows of the plane. It was too cloudy. Sitting in the plane he remembered the day he leave the house for going to Dubai. It was an unforgettable day for him. The time when he was saying good bye to his family, his father's eyes were filled with loving tears. Father was one his best friend. Mother was everything for him. He was so happy with his wife and son. His family was his heaven. While leaving he wipes his father's tears and said “papa , there's nothing to feel sad . My mind will be always with you all. I'll come back soon”. The crying face of his family is still in his mind.*

*“5 years of solitude” John said to himself. Without any loving and caring. But its no more. He was feeling so happy. It is a surprise visit. He  was excited to know how would his family respond.*

*At last he landed and got into a taxi and travelled to his home in Kuttanadu. It was too raining while he was travelling. He knew that Kerala was facing heavy raining. But he didn't thought this much. Roads were filled with water. “ Oh god what's happening here. Let me call my wife”he muttered. But she was not attending the call. Then he tried in his father's and mother's phone. Both were switch off. John get scared. “State had full sank in water my family. But some times they may be transferred safely to any other places. On the way the driver stopped the car and said. “Sir we can't move any. Its not safe”.*

*Finally he got into a life boat and dismounted at his*

*home junction. He felt amazed. Most of the buildings and roads had plunged into water. Life guards and other people were running to save lives and trying to transport people to other places. John heard one man saying to another one "three more people had died". By hearing this he got more tensed. All the happiness in his mind start to laid. He ran to his home from the junction. It was too difficult to run through the water.*

When he reached his home he saw people carrying the dead bodies of his father, mother and wife. Doctors were trying to save his son. But it was failed. John stand for sometime with an empty mind. But he was not crying. He can't believe it. He was puzzled. He didn't know whether it is a dream or not. He stand as a doll in front of his home. When a man who was running hit him he got back to his previous situation. He didn't know what to do or where to move "Papa ,Mama where are you.... I'm alone..... I'm alone......I'm alone...."
he cried by nothing between crowd, water and solitude.



Gayathri.P.B

# My dear

ഇഷ്ടമാകുമോ എന്നെനിക്കറിയില്ല. പക്ഷേ അവകാശമുള്ളത്കൊണ്ട് ചിലത് കുറിച്ചോട്ടെ. മഴയെ എനിക്കറിയില്ല അറിയാൻ ഞാൻ ശ്രമിച്ചിട്ടില്ല എന്ത് കാര്യമാണെങ്കിലും അതിൻെറ ഭംഗി ആസ്വദിക്കുക അതിൻെറ ഉറവിടം അറിയുക അതുപോലെ തന്നെയാണ് പ്രണയവും അടുത്തറിയുക. പരസ്പരം ഇഷ്ടങ്ങൾ മനസ്സിലാക്കുക. സംശയിക്കണ്ട മാഷേ അവിടെ ഉറപ്പായും സ്നേഹം ഉടലെടുക്കുന്നുണ്ട്.പ്രണയം ജീവിതത്തിൽ സ്വപ്നങ്ങൾ കാണാൻ പഠിപ്പിക്കും. കാണുന്ന സ്വപ്നങ്ങളെല്ലാം അത് യാഥാർത്ഥ്യമാകാറുണ്ട്. കാണാത്ത മഴയെ പറയാത്ത കഥകളെ പിണക്കങ്ങളെ ഇണക്കങ്ങളെ സ്നേഹത്തെ അങ്ങനെ പലതും

എന്നും ഓർമിക്കാനും ആസ്വദിക്കാനും പോക്കറ്റിലെ കാശുപോകാനും ഉള്ളതാണ് പ്രണയം. ജീവിതത്തിൽ വരുമ്പോൾ ഇഷ്ടങ്ങൾ കാശുകൊടുത്തു വാങ്ങുന്നു. അപ്പോഴാണ് ജീവിതത്തിലെ പിണക്കങ്ങളുടെ ഉടലെടുപ്പ് . പിന്നെ തീരുമാനിക്കുന്നത് നിയോ ഞാനോ ആയിരിക്കില്ല . നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്താൻ ഒരു വക്കീലിനെ കൂട്ടുപിടിക്കുന്നു. അവർ അവരുടെ ജോലി ഉത്തരവാദിത്തത്തോടെ ചെയ്യുന്നു. തീർന്നു അവിടെ നമ്മുടെ ജീവിതം . ഇതൊന്നും ചെയ്യാതെ സന്തോഷമായ് ജീവിക്കുന്നതാണ് പ്രണയം . പ്രണയവും ജീവിതവും തെരെഞ്ഞെടുത്ത കൃതികളാണ്. സ്രഷ്ടാവായ ദൈവത്തിന്റെ ജീവിത

പ്രശ്നങ്ങൾ പരസ്പരം മനസിലാക്കി ഒതുക്കി നിർത്തുന്നതാണ് ഉത്തമം. സൃഷ്ടാവായ ദൈവത്തിന്റെ കല്പനയാണിത്. അല്ലെകിൽ പ്രണയവും ജീവിതവും ഒരു ചോദ്യമായിരിക്കും. ഉത്തരമില്ലാത്ത ചോദ്യം. ഇതൊന്നും ചെയ്യാതെ സന്തോഷമായ് ജീവിക്കുന്നതാണ് പ്രണയം . പ്രണയവും ജീവിതവും തിരഞ്ഞെടുത്ത കൃതികളാണ്.

I LOVE YOU



FEBIN BENNY

# ലളിതാംബികഅന്തർജ്ജനം

കേരളത്തിലെ പ്രശസ്തമായ കഥാകൃത്തും നോവലിസറ്റ് മായിരുന്ന ലളിതാംബിക അന്തർജ്ജനം. ഒരു മുത്തശ്ശിയായിരിക്കെ എഴുതിയ അഗ്നിസാക്ഷി എന്ന ഒറ്റ നോവൽ കൊണ്ട് മലയാള സാഹിത്യ മനസ്സിൽ ലളിതാംബിക അന്തർജ്ജനം ചിര പ്രതിഷ്ഠ നേടി. അഗ്നിസാക്ഷി അതേ പേരിൽ സിനിമആയിട്ടുണ്ട്
.സംവിധാനം
:ശ്യാമപ്രസാദ്,1998).മലയാളം,ഇംഗീഷ്,സംസ്കൃതം,ഹിന്ദി ഭാഷകളിൽ പ്രാവീണ്യം ഉണ്ടായിരുന്നു.കവിതകളിലൂടെ



സാഹിത്യലോകത്ത് പ്രവേശിച്ച ഇവർ കാലാന്തരേണ അറിയപ്പെടുന്ന ഒരു കഥാകൃത്തുമായി.1909 കൊല്ലം കൊട്ടാരക്കരയിലെ കോട്ടവട്ടം എന്ന സ്ഥലത്തു ജനിച്ചു. മലയാളത്തിൽ കവിതാ രംഗത്തും കഥാ രംഗത്തും ഒന്നു പോലെ കരവിരുതു തെളിയിച്ചിട്ടുള്ള സാഹിത്യകാരിയായിരുന്ന ലളിതാംബിക അന്തർജനം. കൊട്ടാരക്കര താലൂക്കിൽ കോട്ടവട്ടത്ത് തെങ്ങുന്നത്തു മഠത്തിൽ ദാമോദരൻ പോറ്റിയുടെ പുത്രിയായി ജനിച്ചു.പിതാവ് പ്രജാസഭാ മെൻമ്പറും സമുദായ പരിഷ്കർത്താവും ആയിരുന്നു. മാതാവ് ചെങ്ങാരപ്പള്ളി നങ്ങയ്യ അന്തർജനം. കേരള നിയമസഭാ സ്പീക്കറും മന്ത്രിയുമായിരുന്ന ഡി. ദാമോദരൻ പോറ്റി ഉൾപ്പടെ എട്ടു സഹോദരന്മാരുടെ ഏക സഹോദരിയാണ് ലളിതാംബിക. പാല രാമപുരത്ത് അമനകര ഇല്ലത്ത് നാരായണൻ നമ്പൂതിരിയാണ് ഭർത്താവ്.



സാന്ദ്ര വർഗ്ഗീസ്8:b

# തെയ്യം

വടക്കൻ മലബാർ പ്രദേശങ്ങളിൽ പ്രചരിച്ചിട്ടുള്ള അനുഷ്ഠാന കലാരൂപമാണ് തെയ്യം. വണ്ണാൻ, മലയൻ മുതലായ വിഭാഗക്കാരാണ് തെയ്യം കെട്ടി ആടുന്നത്. കുട്ടിച്ചാത്തൻ, മുത്തപ്പൻ കുട്ടിവീരാൻ എന്നിവരുടെ കോലം കെട്ടി തെയ്യം കളിക്കുന്നു. ഓരോ തെയ്യത്തിന്റെയും വീരശൂരപരാക്രമങ്ങളാണ് ഗാനങ്ങളുടെ ഇതിവൃത്തം. തെയ്യത്തിനു ആലപിക്കാറുള്ള ഗാനങ്ങളെ,'തോറ്റം പാട്ടുകൾ ' എന്ന് വിളിക്കുന്നു.

പന്തലിൽ കളം വരച്ചിട്ടിരിക്കും, തെയ്യം കെട്ടിയ കളിക്കാർ ഓരോരുത്തരും ഗാനങ്ങളുടെ ഈണത്തിനും താളത്തിനും ഒപ്പിച്ച നൃത്തം ചെയ്യുന്നു. ഓലയിൽ നെയ്തെടുത്ത കിരീടവും മുഖത്തു ഭീകരത തോന്നിപ്പിക്കുന്ന മുഖമെഴുത്തും ഉണ്ടായിരിക്കും. തോറ്റങ്ങളുടെ താളത്തിന്റെ പിരിമുറുക്കത്തിനും വേഗത്തിനും അനുസരിച്ച് തെയ്യത്തിന് ആവേശവും വേഗവും വർധിക്കുന്നു. തുള്ളി ഉറഞ്ഞു നിൽക്കുന്ന കോലത്തിന് കാണികൾ തുളസിയിലയും അടക്കാപൂവും എറിഞ്ഞു ശാന്തമാക്കുന്നു.



punnya santhosh

# प्रत्यभिज्ञानम्

सुरेश ।अरे सुरेश । किं क्रियते त्वया तत्र ? चिरं यावत् प्रकोष्ठं पिधाय उपविश्यते? मया तत्र आगन्तव्यं वा ? मातुः अक्षमपूर्णप्रश्नान् श्रुत्वा सुरेशस्य मनसि मातरं तथा सर्वान् प्रति नीरसभावना आगता । किमेते सर्वे मामेवं पीडयन्ति ? सर्वतन्त्रस्वतन्त्रः भूत्वा विहर्तुं माम् कुतो नानुमतिंददति ? एतादृशचिन्तनैः सुरेशस्य मनः कलुषितं अभवत् ।

सुरेशः -तदेव तस्य नाम अस्ति। माता,पिता,एका कनिष्ठसहोदरी एते एव तस्य बन्धुजनाः ।सर्वकारीयोच्चविद्यालये नवम्यां कक्ष्यायां पठन्नस्ति सः। सहोदरी सुमित्रा तत्रैव सप्तम्यां पठति स्म ।पिता कृषकः माता गृहिणी च । एवं मध्यमवर्गकुटुम्बस्य दैनन्दिनजीवनं गृहनाथस्य लक्ष्मणस्य आयेनैव प्राचलत् । सुरेशः समर्थः,कक्ष्यायां प्रथमः सर्वेष्वपि पाठानुबन्धप्रवर्तनेषु अग्रिमः । अष्टमी कक्ष्यायाः वार्षिकपरीक्षायां सः पूर्णाङ्कान् सम्प्राप्य विद्यालये सर्वैः अभिनन्दितः अभवत् । तस्य इच्छा नुसारं पिता लक्ष्मणः धनार्जने क्लेशोनुभूतश्चेदपि अन्तर्जालयुक्तां जङ्गमवाणीं क्रीत्वा तस्मै पारितोषिकरूपेण अदात् । त्रीन् लोकान् स्वहस्तान्तर्भूतमिति विज्ञाय सुरेशः हर्षपुलकितः जातः।स्वपुत्रस्य आनन्दातिरेकं दृष्ट्वा निर्धनस्यापि लक्ष्मणस्य मनः आनन्दपूरितम् आह्लादाश्रूणि नेत्रयोः निर्गलितानि च । पितृदत्तनूतनपारितोषिकमधिकृत्य सहपाठिनः सर्वे बहुभाषिताः । केचन तस्य अत्या ह्लादं दृष्ट्वा बहुसन्तुष्टाः ,अभ्यनन्दन् च । अन्ये असूयापूर्णभाषणैः तमवनमितुम् अयतन्त । तं प्रति वात्सल्यं प्रकटयन्तः शिक्षकाः सुरेशम् उपदिष्टवन्तः यत् त्वं समर्थः पठनकार्येषु अद्वितीयः,अनया जङ्गमवाण्या तत्स्थानं कदापि नष्टं भवेत् इति ।

एवं स्थिते समीपकाले सुरेशस्य आचरणेषु भाषणेषु व्यवहारेषु च किञ्चित् परिवर्तनं दृश्यते ।शिक्षकाः मित्राणि,बान्धवाः च एतदनुभूतवन्तः । यथा पूर्वमुन्मेषयुक्तः आसीत् तथा इदानीं सः न दृश्यते । गृहमागत्य सर्वदा प्रकोष्ठं प्राप्य द्वारं पिधाय किमपि करोति । समये भोजनं,स्नानं,नास्ति ।सर्वमपि क्रमरहितम् । लक्षमणस्य मनस्यपि स्वपुत्रं प्रति व्याकुलता आगता । अन्वेषणानन्तरं सः अजानात् यत् मम पुत्रः मार्गान्तरमन्विष्य गच्छन्नस्तीति । अन्तर्जालद्वारा क्रीड्यमानया क्रीडया सः समययापनं कुर्वन्नस्ति । तस्य नाम "ब्लू वेय्ल् " इति पत्रिकाद्वारा सः ज्ञातवान् । तस्याः विविध सन्दर्भाः सन्ति ।अन्तिमसन्दर्भं यदि प्राप्नोति तर्हि आत्महत्याप्रवणतामपि प्राप्स्यति इति ज्ञात्वा लक्ष्मणः स्तब्धोभवत् । जङ्गमवाण्याःअन्तर्जालस्य च एतादृशदूष्यवशाः अपि सन्तीति सः नजानाति स्म । पुत्रमाहूय सः बहुकार्कश्यस्वरेण निर्दिष्टवान् ,माता अभ्यर्थितवती च यत् त्वमेतादृशीं प्रवृत्तिं

न कुरु ,पठने श्रद्धालुः भव । त्वमेव आवयोः पुत्रः ।आवयोः प्रतीक्षा त्वयि एव इत्यादिरूपेण । किन्तु सुरेशस्य मनसि तादृशवचनानां स्थानमपिनासीत् यतः सः अन्यस्मिन् लोके विहरन्नासीत् । सतीर्त्थ्याः मामुल्लङ्घ्य अन्तिमसन्दर्भं प्राप्नुवन्तः सन्ति । परश्वः अहमपि प्राप्स्यामि तत्सन्दर्भम् इति निश्चित्य सः उत्साहेन क्रीडानिरतःअभवत् । तदा आगता एका दूरवाणी सुरेशस्य मनः चञ्च लयितुं कारणभूता । यतः आत्ममित्रं महेशः ऐहिकलोकं विहाय परलोकं प्राप्तः इति । हृदयाघातक मेतच्छ्रुत्वा सुरेशः स्तम्भ इव निर्निमेषः जातः महेशस्य किमभवत् ? ह्यःअपि मया साकं बहु उत्साहेन क्रीडन्नासीत् । पठनेपि सामान्यतया समर्थः आसीत् तर्हि एवं कथम् ? महेशस्य पिता लक्ष्मणस्यापि मित्रम्,सर्वेपि सद्य एव तस्य गृहं प्राप्तवन्तः । तदा ज्ञातं यत् महेशोपि अन्तर्जालक्रीडासक्तः आसीदिति । समीपकाले तस्यापि व्यवहारेषु परिवर्तनं पश्यन् बहूपदिष्टवान् तम् । तथापि सः महेशः क्रीडावशंगतः सन् पितुःउपदेशान् तृणवत् त्यक्तवानासीत् । महेशस्य मृतशरीरं तत्रत्यवातावरणञ्च दृष्ट्वा लक्ष्मणस्य तथा सर्वेषामपि मनः दुःखीभूतम् । आश्वासवचनानि ते विसमृतवन्तः च । सुरेशःअचिन्तयत् -महेशः वदति स्म "क्रीडायाः अन्तिमसन्दर्भः दुष्करः अस्ति,तथापि अहं विजेष्यामि "इति । सः सन्दर्भः कीदृशः स्यात् ? मरणकारणं किम् ? क्रीडायाः मरणस्य च सम्बन्धःकः ? एवं विचिन्त्य सः कलुषितमनस्कः भूत्वा बहुव्याकुलः अभवत् । आगतेभ्यः सःश्रुतवान् महेशःक्रीडाया मासक्तः सन् क्रीडकैः निर्दिष्टरीत्या स्नायुच्छेदनं कृत्वा एवं मरणं प्राप्तः इति । क्रीडासन्दर्भः एवमासीत् स्नायुच्छेदनस्य छायाचित्रं गृहीत्वा प्रेषणम् ।अत्यासक्तः क्रीडावशंगतः महेशः वर्धितवीर्येण तत् कृतवान् । ममापि अन्तिमक्रीडासन्दर्भः कथं स्यात्? ईदृशः कोपि वा ? एवञ्चेत् किं करिष्ये ? सद्यः तस्य मनसि स्वगृहे सञ्जाताः विविधावसराः आगताः । माता पिता सहोदरी ...सर्वैः मिलित्वा आह्ला दपूर्णजीवनम् , मिलित्वा भोजनम् , मिलित्वा भाषणम् एवमेवम्... । स्नेहमय्याः मातुः वात्सल्यपूर्ण स्य पितुः निर्मलमनस्कायाः सहोदर्याः च वदनानि तस्य मनोमुकुरे प्रतिफलितानि । अहं कुतः एवं करोमि ? एते सर्वे मयि कीयन्तं स्नेहं प्रकटयन्ति ? प्रतीक्षाञ्च प्रदर्शयन्ति ? अहं कक्ष्यायां विद्यालये च प्रथमः आसम् ,सर्वेषामभिनन्दनस्य कारणभूतश्चासम् ।इदानीमहं कुत्र समागतः ? एतादृशपरिवर्तनोन्मुखचिन्तनैः सुरेशः महेशगृहाद् बहिरागतः। सः दृढेन निश्चितः यत् इतःपरं स्वपित्रोः इच्छानुसारं जीविष्ये ,अन्यान् आदरिष्ये , शिक्षकानां प्रतीक्षां पूर्तीकरिष्ये इति । एतादृशैरबद्धैरनावश्यकैः प्रवर्तनैः मम जीवनं न व्ययीकरिष्ये इति । इदानीं यावत् मया कृताः दुष्कृतीः सर्वाः त्यक्त्वा नूतनबालः भूत्वा जीविष्यामि । रात्रौ स्वकृतापराधान् सर्वानपि

स्वमातरं सः अश्रावयत् । पश्चात्तापपूर्णैः तस्य वचनैः
मातुः नयनयोः अश्रूणि निर्गलितानि । स्वपत्नीमुखात् पुत्रवचनानि श्रुत्वा लक्ष्मणोपि सन्तुष्टः । कुटुम्पस्य आनन्दलब्धये इतः परं किम् ?



(2017-18 അദ്ധ്യയനവർഷത്തിൽ സംസ്കൃതാദ്ധ്യാപകർക്കായി നടത്തിയ രചനാമത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ കഥ.രചന-രാജേന്ദ്രൻ എം, ജിഎച്ച്എസ്എസ് മീനങ്ങാടി,വയനാട്)

# എന്നിൽ നിന്നെന്റെ വാക്കുകൾ

എന്നെ പഠിപ്പിച്ച ഒരു ടീച്ചർ എന്റെ അമ്മയെ കാണുമ്പോൾ ഓർത്തോർത്ത് ചിരിക്കുന്ന ഒര്രു കാര്യമുണ്ട് എന്തെന്നാൽ. ഞാൻ ഒന്നാം ക്ലാസിൽ പഠിച്ചിരുന്ന കാലത്ത് എന്റെ ക്ലാസ് ടീച്ചർ ലീല ടീച്ചറായിരുന്നു. ഒരു ദിവസം ടീച്ചർ ഞങ്ങളോട് പറഞ്ഞു ഒന്നു മുതൽ നൂറു വരെ ഇംഗ്ലീഷിൽ എണ്ണാൻ പഠിച്ചിട്ട് വരാൻ. എന്തെന്നില്ലാതെ പേടി എന്റെ മനസിൽ പിടികൂടി. ടീച്ചറുടെ മുന്നിൽ നിന്ന് പറയാനുള്ള പോടികൊണ്ടായിരിക്കാം ഒരു പക്ഷേ
അന്ന് അപ്പച്ചൻ കടയിൽ പോയിട്ട് വന്നപ്പോൾ മേടിച്ച് കൊണ്ട് വന്ന നാരങ്ങ മിഠായി തിന്നാതെ സൂക്ഷിച്ച് വച്ച് പിറ്റേ ദിവസം സ്കൂളിലേക്ക് പോയപ്പോൾ കൈയ്യിൽ കരുതി. പേടികൊണ്ടെന്ന്തോന്നുന്നു കൈകൾ നന്നായി വിയർക്കുന്നുണ്ടായിരുന്നു. ഒരു പക്ഷേ ഈ മിഠായി ഞാൻ ടീച്ചർക്ക്കൊടുത്താൽ ടീച്ചർ എന്നെ തല്ലില്ല എന്ന ഉൾബോധമനസ്സിന്റെ ചിന്തയായിരിക്കാം എന്നേക്കൊണ്ട് അങ്ങനെ ചെയ്യിപ്പിച്ചത്. വീണുപോകാതെ ഞാൻ ആ മിഠായി കൈയ്യിൽ മുറുക്കെ പിടിച്ചു. വിയർപ്പിന്റെ ആഗമനക്കൂടുതൽകൊണ്ട് അതിന്റെ കൈയ്യിലിരുന്ന് അലിഞ്ഞ് ടാറിട്ട റോഡിലൂടെ ഇഴഞ്ഞു നീങ്ങാൻ ബുദ്ധിമുട്ടുള്ള പാമ്പ് നിരങ്ങി നീങ്ങുന്നതു പോലേ മിഠായിയുടെ അലിഞ്ഞ നീര് എന്റെ കൈയ്യിലൂടെ ഊർന്നിറങ്ങി. ഈ മിഠായി ഞാൻ ടീച്ചറുടെ നേരെ നീട്ടി. എനിക്ക് വിഷമമാവണ്ട എന്നു കരുതിയിരിക്കണം മിഠായി വാങ്ങി. മേശയുടെ പുറത്ത് വെച്ച് ടീച്ചറെന്നെ മാറോട് ചേർത്തു. എന്നോട് ചോദ്യവും ചോദിച്ചില്ല അന്നേ ദിവസം ടീച്ചര



ANEENA BIJU 9E

# മഴയുടെ നൊമ്പരം

കുറേനേരമായി  ഈ നടത്തം  തുടങ്ങിയിട്ട് . ഗ്രാമം വിട്ട ദൂരേക്ക് പോകുന്നത് ആദ്യമായിട്ടാണ്.  ജോലിക്കായി ശ്രമം നടത്തിയില്ലെങ്കിൽ കുടുംബം പട്ടിണിയാകും.അച്ഛന്റെ മരണ ശേഷം കുടുംബം സത്യം പറഞ്ഞാൽ പട്ടിണി തന്നെ ആയിരുന്നു.പഠനം കഴിഞ്ഞാൽ ജോലി നേടണമെന്ന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. നഗരത്തിലൂടെയുള്ള നടത്തം ശരിക്കും തളർത്തും. ഇച്ചിരി തണുത്ത വെള്ളം കുടിക്കാൻ പൈസയും ഇല്ല . ദാഹിച്ച താൻ വീണുപോകുമെന്ന ഭയന്നുപോയി. 'ഈ സൂര്യൻ എന്നെ കൊല്ലുമല്ലോ'. അയാൾ പറഞ്ഞു തന്റെ കുടുംബത്തെക്കുറിച്ചായിരുന്നു അയാൾക്ക് വേവലാതി. 'ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ അയാൾ ആശിച്ചു.  വെള്ളം... വെള്ളം.. തളർന്നു വീണപ്പോൾ അയാൾ പറഞ്ഞു. മഴ വിചാരിച്ച - ഇപ്പോൾ ഭൂമി ആകെ വരണ്ടിരിക്കുകയാണ് എന്നാൽ മഴ പെയ്തേക്കാം,  അല്ലെ ?

മാനം കറുത്തു . ഇടി  വെട്ടി. തവളകൾ കരഞ്ഞു. ഓർക്കാപ്പുറത്തുള്ള മഴയെ എല്ലാവരും രസിച്ച  ഇരുകൈയും നീട്ടി കർഷകർ മഴ സ്വീകരിച്ച . കുഞ്ഞുങ്ങൾ മുതൽ വൃദ്ധരായവർ വരെ മഴയിൽ കുളിച്ച . ദൈവത്തിന് നന്ദി പറഞ്ഞു . മഴ നിന്നില്ല ഒരാഴ്ച പെയ്തു. ഭൂമി തണുത്തു ഉറവകൾ പൊട്ടി . അന്തരീക്ഷം തണുത്തു . മഴ നിന്നില്ല . രണ്ടാഴ്ച കൂടി പെയ്തു . 'മഴ നിന്നാൽ മതിയായിരുന്നു ' എന്ന വാക്കുകൾ കൂടിവന്നു . ഒരു മാസം മഴ തകർത്തടിച്ച പെരു ഉരുൾ പൊട്ടി വീടുകൾ തകർന്നു ഡാമുകൾ തുറന്നു. പുഴകൾ കരകവിഞ്ഞൊഴുകി .

ദുരിതാശ്വാസ സ്ഥാപനങ്ങൾ തുറന്നു . ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കേണ്ട അവസ്ഥാ വന്നു .മഴ നിൽക്കാനുള്ള കർമങ്ങൾ ആരംഭിച്ചു.താഴ്ന്ന നിലങ്ങൾ മുങ്ങി .വീടുകൾ ഒലിച്ചുപോയി .കൃഷി സമ്പത്തു എല്ലാം നശിച്ച .മരണങ്ങൾ പെരുകി .മഴയെ ശപിച്ച ശപിച്ച അവസാനം മഴ നിന്നു മഴയുടെ  സംശയം ആര് തീർക്കും ?'താൻ പെയ്യണോ വേണ്ടയോ ?മഴയുടെ നൊമ്പരം "തന്നെകൊണ്ടുള്ള ആവശ്യം എന്താണ് എന്നതാണ് "



മഴയുടെ നൊമ്പരം

അലീന.കെ.ബിജു IX I

# യാതന കണ്ട മിഴികൾ

മൂന്നാറിൽ ഇരവിക്കുളത്ത് പോകുന്ന വഴിയിൽ വച്ചാണ് മഴയെ എൻെറ കളിക്കൂട്ടുക്കാരനായി എൻെറ നൊമ്പരത്തിൽ കടന്ന വന്നത്.അങ്ങ് ദൂരെ ചായത്തോട്ടങ്ങൾക്കപ്പുറം മഞ്ഞിൻെറ പട്ടതയിലൂടെ വരയാടുകളെയെങ്ങാനും കാണുമോ എന്നഅമ്മുവിന്ഹിമാലയത്തോളം പൗരോണികമായ ഇരവികുളം ആ ഉള്ള ഗ്രാമത്തിലേക്കു ഏതു വഴി പോകണമെന്ന് അറിയാതെ ഞാൻ വ്യാകുലതയായി.അമ്മുവിൻറെ പിറകിൽ ഒരു ഭാണ്ഡവുമായി അനേകം ആൾക്കാർ അമ്മുവിനെ പിന്തുടർന്നു അപ്പോഴാണ് മീനു എന്ന് പറയുന്ന ഒരു കുട്ടി കുറുക്കുവഴിയിലൂടെച്ചാടി വരുന്നട് എന്റെ ഉത്കണ്ഠ അത് ശ്രദ്ധിക്കുവാൻ ഇടയായി. ഞങ്ങൾ ഇരുവരും കൂടി ഒരു കാട്ടിനകത്തുള്ള മുത്തുവ സമൂഹത്തിനു വേണ്ടി അപ്പവും വെള്ളവും വിൽക്കുന്ന ഒരു മധ്യവയസ്കനെ കാണാൻ ഇടയായി അയാൾ അവിചാരിതമായാണ് ഞങ്ങൾക്ക് വഴികാട്ടിത്തന്നത്.ആ ഉറപ്പിൽ ഞങ്ങൾ ഇരുവരും കാട്ടിലേക്ക് പോകുവാൻ ഇടയായി.

അങ്ങ് ദൂരെ ദൂരെ ഉള്ള ഒരു പ്രതേശത്തിലേക്കാണ് ഞങ്ങളുടെ ലക്ഷ്യം.അങ്ങനെ വഴികൾ താണ്ടി അമ്മുവും മീനുവും കാൽനടയാത്ര തുടർന്ന്കൊണ്ടിരിക്കുമ്പോൾ കാർമേഘങ്ങൾ ഇരുണ്ടതായും മീനുവിനെയും അമ്മുവിനെയും ഭയക്കുന്ന ഭീകരമായ ഇടിയുടെയും മിന്നലിന്റെയും ആരവം ഇരുവരുടെയും ഉള്ളിൽ ഞാട്ടിക്കുവാൻ ഇടയായി.ഇരുവരും കണ്ണുകളിൽ തമ്മിൽനോക്കുവാൻ ഇടയായി.അതൊന്നും വക വെയ്ക്കാടെ ഞങ്ങൾ യാത്ര പിന്തുടർന്നു.മീനുവിന്റെയും അമ്മുവിന്റെയും ലക്ഷ്യം ഒരു ഓലമേഞ്ഞ കുടിലായിരുന്നു. അങ്ങ് ദൂരെയാണ് താനും.പുറം ലോകവുമായി ബന്ധം നഷ്ടപ്പെട്ട ഒരു പ്രാകൃത ജനതയെ പോലെ ആയി തീർന്നു മീനുവും അമ്മുവും.പക്ഷെ മഴ ഞങ്ങൾക്ക് ഭീതി മുഴക്കിയത്ഇടിമിന്നലിൽ കൂടിയും .ഇടിമുഴക്കത്തിൽ കൂടിയുമാണ്.അജ്ഞാതമായ ഒരു വനത്തിൽ ഒറ്റപെട്ടു ഇരിക്കുമ്പോൾ സുലഭമായി സങ്കേതത്തിൽ അയവിറങ്ങികിടക്കുന്നു.ആ നിമിഷങ്ങളിൽ സൂര്യ വെളിച്ചം നല്ലതു

പോലെ പ്രകാശിതമായി,പാറക്കൂട്ടങ്ങൾ എന്തുകൊണ്ടോ ശൂന്യമായി.

ആ നിമിഷങ്ങളിൽ ഹൃദയം തുറക്കുവാൻ അമ്മുവും മീനുവും ഇടയായി.ഇരുവരും മഴ നിന്നപ്പോൾ കാൽ ചുവടുകൾ മുന്നോട്ടുവക്കാനിടയായി.മീനുവും അമ്മുവും അവരുടെ ലക്ഷ്യസ്ഥലത്തിലേക്ക് എത്തുവാനിടയായി.മീനു ഒരു ഭംഗിയാർന്ന ദൃശ്യം കാണുവാനിടയായി,കട്ട് മൃഗങ്ങൾ തമ്മിൽ കലപില ശബ്ദങ്ങളും പക്ഷികളുടെ അതിമനോഹരമായ ഗാനം മുഴക്കുകയും അവളുടെ മനസ്സിൽ കാണുവാനിടയായി.അത് അമ്മുവിനെയും അറിയിച്ചു.ഇരുവരുടെയും ലക്ഷ്യ സ്ഥലത്തെത്തി.അവിടെ അൽപ സമയം ചിലവഴിച്ചു മടങ്ങി പോകുമ്പോൾ ആകാശത്തിൽ നിന്ന് ഓരോ തുള്ളികളും അമ്മുവിന്റെയും മീനുവിന്റെയും ശരീരത്തിൽ സ്പർശിതമായി.ഇരുവരുടെയും ഉള്ളിൽ സന്തോഷം ഉളവായി.കാരണം,
പോകുമ്പോൾ മഴ അവർക്കുമുമ്പിൽ വലിയൊരു ഭീതിയായിരുന്നു പക്ഷെ മടക്കയാത്രയിൽ അവർക്കു ആഹ്ലാദം ഉളവായി.ഇങ്ങനെ മഴ ഇരുവരുടെയും കളിക്കൂട്ടുകാരായി തീർന്നു.



SNEHA TK
9I

# എൻെറ കേരളം

ദൂരെ ദൂരെ മാമലകൾ എങ്ങും എങ്ങും
പൂമരയിൽ പച്ചയിൽ
കുളിച്ചുനിൽക്കുന്നെൻെറ കേരളം!
എല്ലാറ്ക്കുപൊരുമ നേരും എൻെറ കേരളം!

കേരനിരകൾ നൃത്തമാടും
കേരളം,കിളികൾ പാടും
പുഴകൾ പാടും
എൻെറ കൂട്ടുമായ കേരളം!

ആണ്ടുതോറും
കോലംകെട്ടി തെയ്യവും
തിറകളും ആലവട്ടും
വിശിപയും ഉല്സവങ്ങൾ ഓറ്മ്മകൾ....

ഏത് രാവിന് ഓറ്മ്മകൾക്കെത്റസുഗന്ധം
ജാതിയില്ല,മതമില്ല
നമ്മെളെല്ലാം സോദരർ !

നീളെ കുളിരൊളി തിങ്ങി
എൻെറ കേരളമെന്തൊരു
ഭംഗിയെ മുതാ നീ ഓർക്കുക.....

# എൻെറ മാതൃഭൂമിക്ക്

മാതാവിനെപ്പോലെത്തന്നെ മാതൃഭൂമിയെയും സ്നേഹിക്കുന്ന ഞങ്ങൾ അതിൻെറ സുഖ വിവരങ്ങൾ അന്വേഷിക്കേണ്ടവരല്ലേ. സുന്ദരവും പ്രകൃതിഭംഗി നിറഞ്ഞതുമായ എൻെറ മാതൃഭൂമി ഞങ്ങൾക്ക് ഏറേ അഭിമാനകരമാണ്. ജാതിയലോ മതത്തിലോ വർണത്തിലോ രാഷ്ട്രീയത്തിലോ ഒന്നും വേർതിരിവില്ലാത്ത ഞങ്ങളുടെ മാതൃഭൂമിയോട് ഞങ്ങളുടെ ഇഷ്ടം ദിനം തോറും കൂടി കൂടി വരുകയാണ്.

വളരേ ചെറുപ്പം മുതൽത്തന്നെ ഞാൻ പഠിച്ചുകൊണ്ടിരിക്കുന്നത് നാനാത്വത്തിൽ ഏകത്വം ഉള്ള നാടാണ് എൻെറ ഭാരതം എന്നാണ്. ഇവിടുത്തെ ഒരേയൊരുജാതി മനുഷ്യൻ മാത്രം ആയിരുന്നു. ജീവിതരീതിയിലും, സംസ്കാരത്തിലും വ്യത്യസ്തരായ ആളുകൾ ഒത്തൊരുമയോടെ ജീവിക്കുന്ന നാട്. ആൺ പെൺ ഭേദമില്ലാതെ എല്ലാവർക്കും ഒരേപോലെ അവകാശമുള്ള നാട്. ഇങ്ങനെയെല്ലാം ഞങ്ങളുടെ ഭാരതത്തെക്കുറിച്ച് അഭിമാനം കൊണ്ടവരാണ് ഞങ്ങൾ.

എന്നാൽ ഇന്ന് നമ്മുടെ രാജ്യത്ത് എന്തൊക്കെയോ അരുതായ്മകൾ നടക്കുന്നുണ്ട്. ജാതിയുടെയും മതത്തിൻെറയും പേരിൽ വേർതിരിവുകളും കൊലപാതകങ്ങളും നിത്യസംഭവമായിമാറിയിരിക്കുകയാണ് നമ്മുടെ നാട്ടിൽ. രാഷ്ട്രീയപകപ്പോക്കലുകളും കൊലപാതകങ്ങളും മറ്റൊരു വശത്ത്. എന്തിനെന്നില്ലാതെ തമ്മിൽത്തല്ലുന്ന ഒരു നാടായിരിക്കുന്നു നമ്മുടെ സുന്ദര ഭാരതം. ഏറ്റവും കൂടുതൽ സ്ത്രീകളും കുട്ടികളുമാണ് ഇന്നിവിടെ പീഡിപ്പിക്കപ്പെടുന്നത്. സമൂഹത്തിലെ ഉന്നതരും, നന്മയുള്ളവരും എന്ന് നാം വിശ്വസിക്കുന്ന സമൂഹത്തെ  നേർ പാതയിലൂടെ നയിക്കേണ്ടവരാണ് ഇന്ന് സംഗതികളിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് കേട്ടപ്പോൾ എനിക്ക് ലജ്ജ തോന്നുന്നു.

ഇങ്ങനെയൊക്കെയാണ് എൻകിലും എൻെറ കേരളം എത്ര

സുന്ദരമാണെന്നോ. രണ്ട് മാസം മുൻബ് ഞങ്ങൾ അനുഭവിച്ച പ്രളയ ദുരിതത്തെക്കുറിച്ച് അറിഞ്ഞിരിക്കുമല്ലോ. ഞങ്ങൾ ഈ ജീവിത കാലം സമ്പാദിച്ച എല്ലാം ഒറ്റയടിക്ക് നഷ്ടപ്പെട്ടു. വീട്,വീട്ടിനുള്ളിലെ ഉപകരണങ്ങൾ,വിലപ്പെട്ട രേഖകൾ, മറ്റു സമ്പാദ്യങ്ങൾ എല്ലാം രണ്ട് ദിവസം കൊണ്ട് ഇല്ലാതായ ആ അവസ്ഥ പറഞ്ഞറിയിക്കാൻ പറ്റില്ല. ഞങ്ങളേ ഏറ്റവും വേദനിപ്പിച്ചത് ഞങ്ങൾ സ്നേഹിച്ച് വളർത്തിയ ഞങ്ങളുടെ വളർത്തു മൃഗങ്ങൾ ഒന്നും തന്നെ ഇന്നില്ല. പാത്രങ്ങളും മറ്റ് സാധനങ്ങളുമൊക്കെ നമുക്ക് വാങ്ങാം പക്ഷേ ഞങ്ങളുടെ മൃഗങ്ങളുടെ ജീവൻ എങ്ങനെതിരിച്ചുകിട്ടും?

പക്ഷേ ഒന്നുണ്ട്, ജീവൻ മരണ പോരാട്ടത്തിൻെറ ഈ നാലഞ്ചു ദിവസങ്ങൾ ജീവിതത്തിൽ മറക്കാൻ പറ്റില്ല. നാട്ടും നഗരവും ഒന്നായ ദിനങ്ങൾ. ജാതി മത ഭേദമില്ലാതെ, ദാരിദ്രനെന്നോ, പണക്കാരനെന്നോ വ്യത്യാസമില്ലാതെ സ്ത്രീ എന്നോ പുരുഷനെന്നോ ഇല്ലാതെ എല്ലാവരും പരസ്പരം സഹായികളായ ആ നിമിഷങ്ങൾ. അന്ന് ഞങ്ങളിൽ രാഷ്ട്രീയ പകപ്പോക്കലുകളില്ല, വർഗ്ഗീയതയില്ല,പീഡനമില്ല. എല്ലാവർക്കും ഒരേയൊരു ലക്ഷ്യം മാത്രം പ്രളയത്തിൽ നിന്നും കേരള ജനതയെ രക്ഷപ്പെടുത്തുക മൊബൈലിലും, ഫെയ്സ് ബുക്കിലും, വാട്സപ്പിലുമൊക്കെ മുഖം പൂഴ്ത്തിയിരുന്ന യുവജനതയും ഉയർത്തെഴുന്നേറ്റ ആ ദിനങ്ങളിൽ. കുറവുകളുണ്ടെൻകിലും ഞങ്ങളുടെ നാട് ഒറ്റക്കെട്ടായി പ്രളയത്തെ തോൽപ്പിച്ചു എന്നു തന്നെ പറയാം. നഷ്ട്പ്പെട്ടതെല്ലാം തിരിച്ചുപിടിക്കാൻ കൈ മെയ് മറന്ന പ്രവർത്തനങ്ങളിലാണ് ഞങ്ങൾ.

അമ്മയുടെ പ്രകൃതി ഭംഗിയെല്ലാം ഞങ്ങൾ ഇന്ന് ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. പ്രകൃതി ചൂഷണത്തെപ്പറ്റി പറയാതിരിക്കുന്നതാണ് നല്ലത്. പ്ലാസ്റ്റിക്ക് എന്ന വില്ലൻ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉപയോഗം കുറയ്ക്കണമെന്ന് പറയുമ്പോഴും എല്ലായിടവും പ്ലാസ്റ്റിക്ക് മയം. പ്രളയത്തിൽ ഞങ്ങൾ ഏറ്റവും കൂടുതൽ വാരിക്കൂട്ടിയത് ഈ പ്ലാസ്റ്റിക്ക് മാലിന്യങ്ങളാണ്. ഇങ്ങനെയിങ്ങനെപ്പോകുന്നു ഞങ്ങളുടെ വിശേഷങ്ങൾ.

ഞങ്ങളുടെ പെറ്റമ്മയെപ്പോലെ
സ്നേഹവും കരുതലും തരുന്ന ഞങ്ങളുടെ മാതൃഭൂമിയെ വ രും തലമുറയായ ഞങ്ങളും ഒരു കേടും കൂടാതെ സംരക്ഷിക്കും എന്നതിന്
ഉറപ്പുനൽകുകയാണ്.അതിനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ
ഇപ്പോഴേ തുടങ്ങിക്കഴിഞ്ഞു...........



പവിത്രസുരേഷ്
8 ജി

# മയിൽപ്പീലി

പുസ്തകതാളിലൊളിച്ച
മയിൽപ്പീലി തുണ്ട്പോൽ
ഇരുട്ടിനന്റെ ആത്മാവിലാഴങ്ങളിൽ
ഒരു മിന്നാമിനുങ്ങിനെ
പോലെന്റെ ഓർമ്മകൾ.

പെരുകുവാനതിയായ
മോഹമുണ്ടെങ്കിലും
അടക്കുവാൻ കഴിഞ്ഞതില്ലെങ്കിലോ
ഉള്ളിലായ്...........
മൂകമായ് ഉള്ളിലടക്കിടാമീ
മോഹങ്ങൾ



ആർക്കായ് പെരുകുന്നു
എന്നതിനുത്തരം
ഇപ്പോഴും അജ്ഞാതമാണെനിക്കെങ്കിലും
ആരോ മൊഴിയുന്നു
എന്നുള്ളിലെപ്പൊഴും
കരുതണം പീലികൾ
എനിക്കായ് നീയെന്നും
തിരയുന്ന നിന്നുടെ
പാദങ്ങളി മണ്ണിൽ.

ഒരു ദിനം ഞാനും അണയുന്നു
നിൻ മുന്നിൽ
ഒരു പീലിയായ്
പൊഴിയാൻ കഴിഞ്ഞെങ്കിൽ



ദേവിക.പി.എസ്

# മകൾക്കായി

എന്റ കിനാവിലെ പുഞ്ചിരി തുകുന്ന
ഓമനപ്പൂം പൈതലേ .....
ഇനിയേതു ജന്മത്തിൽ കണ്ടുമുട്ടും നാം
ഇനിയെന്നു കാണും നിൻ പുഞ്ചിരി
ഇനി എന്ന് കേൾക്കും നിൻ കിളിക്കൊഞ്ചൽ
എൻ കരം പിടിച്ചു നീ പിച്ച വെക്കുന്നതു
കാണുവാനുള്ളിൽ മോഹമേറെ .........
നിൻ തുനെറ്റിയിൽ വിന്നുംചിരികും
അളകങ്ങൾ തെല്ലൊന്നു മടിയൊതുക്കുവാൻ
പൂങ്കവിളിൽ ചുംബിക്കുവാൻ ഉള്ളം തുടിക്കുന്നു  മണികുരുന്നേ ...........



സാന്ദ്ര പ്രകാശ്

# കവിഞ്ഞൊഴുകി

മനുഷ്യനെ കോരിത്തരിപ്പിക്കുന്നതാണ് പ്രളയം
മനുഷ്യന്റെ ജീവൻ എടുക്കുന്നതാണ് പ്രളയം
നാം കെട്ടിടംപടുത്തുയർത്തി
നാം പുഴയെ മലിനമാക്കി
ഡാമുകൾ നിറഞ്ഞൊഴുകി
പുഴകൾ നിറഞ്ഞൊഴുകി
കേരളം കവിഞ്ഞൊഴുക
മനുഷ്യന്റെ ദുരാഗ്രഹം
പ്രളയത്തിൽ ഒലിച്ചുപോയി
അരുവികൾ പുഴയായി,
പുഴകൾ കടലായി,
കേരളം കവിഞ്ഞൊഴുകി



ശബരിനാഥ് 9 A

# സ്വാതന്ത്ര്യം

ലോകത്തിലെത്രനാൾ
ജീവിച്ചതത്രയും പാരിന്
സർവം തിരിച്ച് കിട്ടാൻ
സ്വാതന്ത്രമെന്ന മനസ്സിന്റെ
കോവിലിൽ അന്ത്യശ്വാസം
വരെ പോരാടുവാൻ

ഇതളുകൾ കൊഴിയുന്ന ജന്മത്തിൽ
എന്റെ സങ്കൽപ്പമാണ് സ്വാതന്ത്ര്യം
കൂരിരുട്ടിന്റെ കാർമേഘങ്ങൾ
മെല്ലെ വന്നു കൺപൊത്തുന്ന പോലെ

ഇന്നു കത്തി ജ്വലിക്കുന്ന തീയിൽ
ആളിനിൽക്കുന്ന വൃക്ഷമായ് ഞാനും
കാറ്റിൽ ഉല്ലസിക്കുന്ന ലതകൾ
എന്റെ പാരിനൊരു ഐശ്വര്യദീപം
മൂകമായുള്ള ഓരോ മൊഴികളും
എന്റെ പ്രാണന്റെ ജീവത്തുടിപ്പുകൾ



എൻ നിരാശതൻ നീരുറവും
എൻ പ്രതീക്ഷതൻ മായാവലയവും
എന്നിലേക്കുള്ള സഞ്ചാരപാതയും
എന്നും എന്നും സ്വതന്ത്രത്തിനുള്ളത്

pavithra IX J

# സ്ത്രീ...........



അടുപ്പിനരികിൽ കരിപുകയേറ്റ്
വികൃത രൂപമായി........
കറിച്ചട്ടിയിലെ പച്ചക്കറിയോട്
കിന്നാരം പറഞ്ഞവൾ.......
രാത്രിയുടെ യാമങ്ങളിൽ
പിച്ചിചീന്തപ്പെട്ട കുപ്പായത്തെ
തിരയുന്നവൾ........
കഴിവുകൾ മൂടിവെച്ച
സമൂഹത്തോട് മനയുദ്ധത്തോടെ
പോരാടിയവൾ.......
ഒടുവിൽ......
മരണകയത്തിലെ
ബാക്കി ജീവനോട്
" സ്ത്രീയായി ജനച്ചെതെൻെറ
തെറ്റ് "ന്ന് മന്ത്രിച്ചവൾ..................



Abida.V.A (8g)

# छाया

नही है वह हमारा परिवार,
नही है वह हमारा रक्तबंध,
लेकिन वह हर हमेशा,
हमारे पीछे ही रहता है।
वह हमें डराता कभी,
सोच में डाल देता कभी,
वह जरूर आता है
हमारे साथ।
रूप रात का उसका
अचरच में डालता है हमें
पर दिन – रात में
उसका रूप – रंग बदलता है।
वह बहुत धीरज है कभी
और सदा दर्शन कराता है।
हमें
रात अकेले होते समय।
कभी कभी डराता है हमें,
क्योंकि

वह बडा विरूपी है

परंतु

क्या वह हमसे प्यार करता है ?

वह जरुर आता है,

कभी पीछे तो कभी आगे।

हम कहीं भी जाते तो

हमारा पीछा करता है।

वह हम हैं तो परंतु

कभी कभी  हम से  बडा

कभी कभी  हम से छोटा।

आौर  कभी कभी वह

गायब भी हो जाता है।

देता है सब उसे रहता

है वह  सभी में

तुलना करना है उसे

हमारी दोस्तों के समान

पता चलता है यह कौन

बताता है  मैं, आपको

यह है हमारी छाया

और हमारा दोस्त ।



Anagha Shankar

9H

# നിത്യം പൂർണ്ണ സത്യം

ഇരുൾത്തടത്തിൻ നിലവലത്തി-

ലായ് കണ്ടു ഞാനാ മൺഹൃദയം

വനത്തടത്തിലെ അലയുന്ന

രാക്ഷസ രൂപങ്ങൾക്കിടയിലായ്

ഒഴുകുന്ന കണ്ണീർ പുഴയായ്

ആ ഹൃദയം.......

തിളയ്ക്കുന്ന അഗ്നിയിൽ തൻ-

പൈതലിൻ വസതിക്കായ് സമർ

പ്പിതമാണീ മൺഹൃദയം .

അലയുകയാണാ ഹൃദയം ഒരു

ആത്മാവെന്ന വണ്ണം

അലസമായി നിൽക്കുന്നു.

അലസത കാട്ടുന്നു,അലസി-

യാണീ ഹൃദയമെന്ന് തോന്നും വണ്ണം.

കണ്ടു ഞാനാ ഹൃദയത്തെ കാട്ടുതീ-

യിൽ കരാളമാം പാതയിൽ

നീചമാം കൈയിൽ അമരും വരെ.

അനവധി ചിന്തിപ്പതെന്നാകിലും

വ്യക്തമായില്ലാ ആ മൺഹൃദയത്തെ

കാലത്തിൻ അനവധി അകംപടി-

ക്കു ശേഷം വ്യക്തമായി എനിക്കാ-

മൺഹൃദയത്തെ.....

പോരുവല്ല നൊന്തുപിടയുന്ന ആ

മൺഹൃദയം;മാലോകരെന്നും

നാവിൽ ഉച്ചരിച്ചിട്ടും

'അമ്മ' എന്ന നിത്യം പൂർണ്ണ

'സത്യം'.



Archana Sankar

9H

# അപരിചിതരായ കൂട്ടുകാർ

ഇരുൾ വന്ന സമയത്ത് ജനാലയ്ക്കൽ നിന്ന്

ഒരു മഴത്തുള്ളി ചോദിച്ചു .

“അകത്തേക്ക് ഞാനും പോന്നോട്ടെ"

പതിയെ ജാലിക തുറന്നു

ഞാൻ പറഞ്ഞു

"വന്നോളൂ"

അവിടെയാകെ ഒരു തണുത്ത കാറ്റും

മഴനാദവും എനിക്ക് അനുഭവപ്പെട്ടു

അവയിലെ ഒരു സുന്ദരൻ ചെറു

മടിയോടെ ചോദിച്ചു

"എൻെറ കൂട്ടുകാരെയും വിളിച്ചോട്ടെ"

ഞാൻ പറഞ്ഞു

"തീർച്ചയായും"

അവ ഒന്നൊന്നായി എൻെറ മുറിയിലേക്ക്

വന്നു

അവർ എൻെറ മുറിയിലൂടെ ഓടി നടന്നു

പിന്നീട് എൻെറ മുറിയിൽ നിന്ന്

സികരണ മുറിയിലേക്കും

അടുക്കളയിലേക്കും വരാന്തയിലേക്കും.

തൊടിയിലെക്കും കളികൾ വ്യപിച്ചു

കാതിലെന്തോ കളികൾ മൊഴിഞ്ഞ്, കുണുങ്ങി

കുളിരായവ വന്നു കൊണ്ടെയിരുന്നു

പിന്നീട് ആ ജലനിരപ്പുയർന്നു

അവയൊരു പളയാവസ്ഥയിലെത്തിച്ചു

ഞാൻ വിചാരിച്ചത്.

മഴ വന്ന് നന്നച്ച് കളഞ്ഞത്

എന്റെ സിപ്പ്നങ്ങളെയും

അതുപോലെ

മറക്കാനാവിലെന്നു കരുതിയ ദുഃഖങ്ങളെയും

ഒത്തിരി മുറിവുകളും സമ്മാനിച്ചു

എന്റെ മനസ്സിലെ ഒരു വറ്റാത്ത

കണ്ണീർ കുടമായിരുന്നു അതെന്ന്

ഞാൻ മനസ്സിലാക്കിയിരിക്കുന്നു



നിത സത്യൻ

10f

# ഇന്നും തടങ്കലിൽ

ഇന്നും തടങ്കലിൽ പാർപ്പിച്ചൊരെൻ
മനസ്സിന്നു മരിച്ചിങ്ങു മൺമറഞ്ഞീടുന്നു......
നോട്ടത്തിൽ മൗനവും നിഷ്ഠൂര
ഓർമ്മയും എന്നോ മരിച്ചങ്ങു മൺമറഞ്ഞീടുന്നു.....

ഇന്നും തടങ്കലിൽ പാർത്തൊരെൻ
ജീവിതം ഇന്നും ഈ ലോകത്തിൽ
വ്യർത്ഥമായ് പോകവേ....

കാണും മുഖങ്ങളിൽ നിശ്ചലമായി
ഞാൻ കണ്ടുകനത്ത കിനാവനേകം
ജീവിതമാകവേ കൂരിരുട്ടിൻ കുളിർ
കൊമ്പു കുത്തി പറക്കുന്ന പോലെ....

ഇനിയെത്രനാളീ നാൽ ചുമരിൻമേൽ
ജീവച്ഛവമായ് കിടക്കണം ഞാൻ
ഇന്നും തടങ്കലിൽ.....



Pavihra P S 9J

# "..എന്താണ് സംഭവിച്ചത് ?"



......രഘുനാഥൻ അന്നും നടക്കാനിരങ്ങി. കണ്ടൽക്കാടുകളുടെ രക്തംതുടിക്കുന്ന ഞരമ്പുകൾ കടലുണ്ടിപ്പുഴയെ കരുതലോടെ ചേർത്തുപിടിക്കുന്നത് പതിവുകാഴ്ചക്കാരനെപ്പോലെ അയാൾ നോക്കി.പുഴയ്ക്ക് സമാന്തരമായ റോഡിലൂടെ ആവുന്നത്ര വേഗത്തിൽ നടന്നപ്പോൾ കാലുകൾ ഒന്നുവേച്ചുപോയി. മക്കൾ ഒരുപാട് സ്നേഹത്തോടെ സമ്മാനിച്ച, സ്വർണപ്പിടിയുള്ള ഊന്നുവടി അയളെ ഒരു വീഴ്ചയിൽ നിന്നും അതിസാഹസികമായി രക്ഷിച്ചപ്പോൾ അയാൾക്ക് വികൃതമായി ചിരിക്കാൻ തോന്നി.എന്നിട്ട് ആ താങ്ങുവടിയോടുമത്രാമായു ഒരു രഹസ്യം ചോദിച്ചു.
"നിനക്ക് എന്നോട് ഇത്രേം സ്നേഹണ്ടോ എന്റെ 'കമലാക്ഷി'യെപ്പോലെ........

പെട്ടെന്നാണ് എതിരെ നടന്നുവന്ന 'കുട്ടിനാരായണ'ന്റെ ചേദ്യം അയളെ വിളിച്ചുണർത്തിയത്.

"ആനടത്തം ഇന്നും തെറ്റിച്ചില്ലേ മാഷേ,ഒരുകണക്കിന് എന്നും നേരംകണ്ടെത്തിയുള്ള ഈ നടത്തം നന്നേ. ഇതിന്റെ കൊറവൊക്കെ തീർക്കാനാ ഇപ്പോഴത്തെ മക്കള് യോഗയ്ക്കും, ജിമ്മിനും ഒക്കെ പേണത്"
അയാൾ എല്ലാം സമ്മതിച്ച മട്ടിൽ അമർത്തിയൊന്നു മൂളുകമത്രം ചെയ്തു.അല്ലെങ്കിലും എത്രകാലമായി മറുപടികൾ മൂളലിൽ ഒതുങ്ങിത്തുടങ്ങിയിട്ട്.

സഹദേവന്റെ പീടികയുടെ അടുത്തെത്തിയപ്പോൾ രഘുനാഥൻ നടത്തത്തിന് വോഗത അല്ല്പ്പം കുറച്ചു. ഒരു നിമിഷത്തേക്ക് അയാൾ അയാളിലേക്ക് തിരിഞ്ഞു നടന്നു.അന്നും കടലുണ്ടിപ്പുഴയ്ക്ക് ഇതേ സൗന്ദര്യമുണ്ടായിരുന്നു. രഘൂട്ടൻ എന്ന പതിനഞ്ചുവയസ്സുകാരനെ പെറ്റുവളർത്തിയ തനിനാട്ടിൻപുറം. അമ്മ അതിരാവിലെ ഉണർന്ന് പശുവിനെ കറന്ന് പാല്

അവന്റെ കൈയ്യിൽ കൊടുക്കും. "രഘൂട്ടാ....വേഗം നടക്കണംട്ടോ, അല്ലെങ്കില് പാല്കിട്ടാൻ വൈകീന്നും പറഞ്ഞ് രാമേട്ടൻ ഒച്ചപ്പാടിടാൻ തൊടങ്ങും." ഏകദേശം മുക്കാൽ കിലോമീറ്റർ പാതി ഇരുട്ടിലൂടെ ഒരു നടത്തമാണ് പിന്നെ.പാല് ഹോട്ടലിൽ എത്തിച്ച് തിരിയുമ്പോഴേക്കും ആ നാട്ടിലെ എഴുത്തും വായനയും അറിയാത്ത ഭ്വലയൊരാൾക്കു രഘുവിനെ കാത്ത് കടവരാന്തയിൽ ഉണ്ടാവും

"രഘൂട്ടാ ആദ്യം ആരൊക്കെ മരിച്ചുന്ന് നേക്ക്-"

രാമേട്ടന് ചരമ കോളത്തോടാണ് താത്പര്യം.

"വേണ്ട മോനേ, നീ ആ കൊപ്രേന്റെ വെലനോക്ക്,

നാല് കായ് കിട്ടുന്ന കാര്യാണോ:-മരക്കാര് മാപ്പിള,

അയാളുടെ ആഗ്രഹം പറയും.

" പുതിയ പടം ഏതങ്കിലും എറങ്ങിയോന്ന് നോക്കെന്റെ മോനേ."ചെക്കോട്ടിയേട്ടന്റെ വക.

എല്ലാവർക്കും വേണ്ടി പത്രം ആദ്യാവസാനം വായിച്ച് രഘു വീട്ടിലെത്തുമ്പോഴേക്കും വൈകിച്ചെന്നതിൽ അമ്മയുടെ ചീത്തവിളിയാണ്. അവന് ഒരു പത്ര വായന പോലെ അതും ഒരു പതിവു ശീലമായിക്കഴിഞ്ഞിരിക്കാം.

രഘുനാഥൻ കാലത്തിനു മുൻപേ നടന്നു.

അറിയപ്പെടുന്ന കോളേജിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടി. പത്രപ്പീസിൽ ജോലി, സുന്ദരിയായ ഭാര്യ, കൈ നിറയെ പണം, പച്ച പരിഷ്കാരികളായ നാലു മക്കൾ.

വിദ്യാഭ്യാസത്തിന്റെയും, ജോലിയുടേയും, സമ്പത്തിന്റേയും അനന്ത സാധ്യതകളെ പരിജയപ്പെടുത്തി മക്കൾ ഒരോരുത്തരായി അവരിൽ നിന്ന് പറന്നകലുമ്പോൾ തുടങ്ങിയപ്പോഴെല്ലാം തടയണമെന്ന് തോന്നിയിരുന്നു. പക്ഷെ.....കഴിഞ്ഞില്ല. വളരെ വൈകിയാണെങ്കിലും അയാൾ അറിഞ്ഞു. പിറന്നമണ്ണിലേക്ക് അവർ ഇനിയൊരു മടക്കയാത്ര ആഗ്രഹിക്കുന്നില്ലത്രേ.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്പർശവും,ഗന്ധവും,ശബ്ദവുമറിഞ്ഞു.ഒരു തികഞ്ഞ വിഡ്ഢിയെപ്പോലെ.

മഴ പെയ്തുതോർന്നൊരു വൈകുന്നേരം കമലാക്ഷിയുടെ കൂടെ കോലായിലിരിക്കുമ്പോൾ,അവൾ ആദ്യമായി അയാളോടൊരു പരിഭാവം പറഞ്ഞു."മക്കളെ ഒരുപാടൊന്നും പഠിപ്പിക്കേണ്ടിയിരുന്നില്ലല്ലേ.കുറച്ചുകാലം ഈ ഭൂമിയിൽ ജീവിക്കാൻ എന്തിനാണിത്രയധികം പണം.
മക്കൾ ഇല്ലാത്തവരുടെ ജീവിതമല്ല,ഉണ്ടായിട്ടും ഒറ്റയ്ക്കായിപ്പോവുന്ന നമ്മുടെയൊക്കെ ജീവിതമാണ് ശരിക്കും പരാജയം."

അവളുടെ കണ്ണിലെ നനവും,ശബ്ദത്തിന്റെ ഇടർച്ചയും കാണാതിരിക്കാൻ രഘുനാഥൻ തിരിഞ്ഞിരിന്നു.ഒരു ദുശകുനം പോലെ.

പിറ്റേന്ന് ആ നേരമാകുമ്പോഴേക്കും മുറ്റത്ത് ഒരു തേരാപ്പന്തൽ.അകത്തും പുറത്തും നിറയെ ആൾക്കാർ. ഫോണിലേക്ക് നിർത്താതെയുള്ള അനുശോചനങ്ങൾ.
അമ്മയുടെ മരണാഘോഷത്തെ ദൂരെനിന്ന് കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നാ മക്കൾ ചടങ്ങുകൾ ഒരോന്നും ക്രമംതെറ്റാതെ ഒപ്പിയെടുത്ത് പാർസലാക്കാൻ അവർ നിയോഗിച്ച ഒരുപറ്റം കലിത്തോഴിലാളികൾ.ഫ്ലാഷുകളുടെ കുത്തിക്കീറുന്ന വെളിച്ചം അയാളെയും ഭയപ്പെടുത്തി.


സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം മലയാളം കഥാരചനയിൽ എ ഗ്രേഡ് നേടിയ പൂജാ ശശീന്ദ്രൻ (മീനങ്ങാടി ജിഎച്ച്എസ്എസ്).

* * * * * * * * * * * *

ഒരു നിമിഷം , ഓർമ്മയിലൂടെ ഇറങ്ങിനടന്ന് കരപറ്റിയപ്പോൾ ഒരു ഉൾവിളിപോലെ പിന്നിൽനിന്ന് കടലുണ്ടിപ്പുഴമാത്രം അയാളോട് ചോദിച്ചു."അല്ലേലും രഘൂ....എന്താണ് സംഭവിച്ചത് ?"

പൂജാ ശശീന്ദ്രൻ

# കരുതാം നാളേക്കായ്........ ഊർജ്ജം

ഇന്ന് നമ്മൾ നേരിടുന്ന ഊർജ പ്രതിസന്ധിക്ക് ഒരു പരിഹാരം എന്ന നിലയിൽ കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്കൂളിൽ ഊർജ ക്ലബ് പ്രവർത്തനമാരംഭിച്ചത് .നമ്മൾ ഇടപെടുന്ന സമസ്ത മേഖലകളിലും ഊർജ സംരക്ഷണം എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ച് 60 പേർ അടങ്ങുന്ന സ്കൂൾ ഊർജ ക്ലബ് അംഗങ്ങൾക്ക് ലഘുലേഖകളും,ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയുണ്ടായി.

തുടർന്ന് ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ ഞങ്ങളുടെ സ്കൂളിൽ സംഘടിപ്പിക്കുകയുണ്ടായി.'Saksham National Competition-2018' ഉപന്യാസം,പെയിന്റിംഗ്,ക്വിസ് എന്നീ മത്സര ഇനങ്ങൾ നടത്തപ്പെട്ടു.'Save fuel for better environment' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ ഉപന്യാസ രചന (മലയാളം) മത്സരത്തിൽ സാന്ദ്ര പ്രകാശ് (10 G),അഭിനന്ദ ഷാജു (9 J) എന്നിവരെ സ്കൂൾ തലത്തിൽ മികച്ചവരായി തിരഞ്ഞെടുത്തു.ഉപന്യാസ രചന (ഇംഗ്ലീഷ്) മത്സരത്തിൽ പവിത്ര സുരേഷ് (8 G), ഐറിൻ ജോർജ് (8 H) എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു .

PCRA യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിൽ നെവിൻ വിൻസെന്റ്,അലൻ പോൾ എന്നിവർ സ്കൂൾ തല വിജയികളാവുകയും ,ജില്ലാ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.

കൽപ്പറ്റ SKMJ ഹൈസ്കൂളിൽ വെച്ച് നടന്ന ജില്ലാ ഊർജ്ജോത്സവത്തിൽ ക്വിസ്,ഉപന്യാസം, പെയിന്റിംഗ് എന്നീ മത്സരത്തിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുക്കുകയും കാർട്ടൂൺ മത്സരത്തിൽ അഭിനന്ദ ഷാജു ഒന്നാം സ്ഥാനം നേടി നമ്മുടെ വിദ്യാലയത്തിന്റെ അഭിമാനതാരമാവുകയും ചെയ്തു.



Rinsa Anwar

# ജൂനിയർ റെഡ് ക്രോസ് [jrc]

ജി.എച്ച്.എസ്.എസ് മീനങ്ങാടി




മീനങ്ങാടി ഗവ:ഹൈസ്കൂളിൽ
2002-ൽ ആരംഭിച്ച jrc യൂണിറ്റ് നാളിതുവരെ ആതുര സേവന രംഗത്ത് നല്ല പ്രവർത്തനം കാഴ്ച്ച വച്ചു വരുകയാണ്. രണ്ട് യൂണിറ്റുകൾ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. ഈ രണ്ടു യൂണിറ്റുകളിലുമായി ഓരോ വർഷവും 63 കേഡറ്റുകളെയാണ് തിരഞ്ഞെടുക്കുന്നത്. പൗരബോധം വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ്
ഈ സംഘടനയുടെ ലക്ഷ്യം ഈ
സ്ഥാപനത്തിലെ jrc യൂണിറ്റിൻെറ പ്രസിഡൻറ് കുമാരി ലിൻസയും, സെക്രട്ടറി കുമാരി മാളവിക സുകുമാരമിമാണ്. ഇവരുടേയും കൺവീനറും അധ്യാപകനുമായ സജിത് കുമാറിന്റെയും നേത്രുത്വത്തിൽ യൂണിറ്റ് നല്ല പ്രവർത്തനം കാഴ്ച്ച വെച്ചു വരികയാണ്.



Ashna Sherin

# അടൽ ടിങ്കറിംഗ് ലബോറട്ടറി




കേന്ദ്രഗവൺമെന്റ് അടൽ ഇന്നവേഷൻ മിഷൻെറ ഭാഗമായി സ്കൂളിൽ നടപ്പിലാക്കിവരുന്ന ശാസ്ത്ര-സാങ്കേതിക ലബോറട്ടറി-ആണിത്. അടൽ ടിങ്കറിംഗ് ലാബിൻെറ ഉദ്ദേശ്യങ്ങൾ ഇവയാണ്.

*വിദ്യാർഥികളിൽ ശാസ്ത്രീയ അഭിരുചിയും ശാസ്ത്രബോധവും വളർത്തുക.

*പരിക്ഷണ നിരിക്ഷണങ്ങളിലൂടെ പഠനത്തന് സൗകര്യമൊരുക്കുക.

*നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിചയപ്പെടുക.

*നൂതന ആശയങ്ങളുടെ രൂപീകരണത്തിനും കണ്ടെത്തലുകൾക്കും സാഹചര്യമൊരുക്കുക.

*ശാസ്ത്രം,ഗണിതം,സാങ്കതിക വിദ്യ-മേഖലകളിൽ നൈപുണികൾ വളർത്തുക.

തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ ഗ്രാൻറ്-ഇൻഎയ്ഡ് ആയി ആകെ 20 ലക്ഷം രൂപയുടെ സഹായം ലാബിൻെറ സജ്ജീകരണത്തിനും പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപയും തുടർചെലവുകലുകൾക്കായി 5 വർഷത്തേക്കാ 10 ലക്ഷം രൂപയും വിദ്യാലയത്തിനു ലഭിക്കും.30 പ്രിൻറ്റർ,റോബോട്ടിക്സ് ട്ൾസ്,മോക്കാനിക്കൽ ടൂൾസ്,തുടങ്ങിയ ഉപകരണങ്ങളും ശാസ്ത്ര ഗവേഷണങ്ങൾ വിഡിയോ,കോൺഫാൻസ് ,ഇൻെർനെറ്റ് എന്നീ സൗകര്യങ്ങളും ലാബിൻ ലഭ്യമാണ്. ഈ അടൽ ടിങ്കറിംഗ് ലബോറട്ടറി ഞങ്ങൾക്ക് ശാസ്ത്രബോധം വളർത്തുന്നതിന് വളരെത്തുന്നതിന് വളരെയധികം സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.




Aleena 9A

# NCC

ഇന്ത്യയിൽ 1948 ജൂലൈ 16 നാണ് ഇന്ത്യൻ പ്രതിരോധ വകുപ്പിന് കീഴിൽ ആരംഭിച്ചത്. Unity and Discipline ആണ് NCC യുടെ മുദ്രാവാക്യം.ഇന്ത്യയിലെ 3 സേവനാ വിഭാഗങ്ങളുടേയും കീഴിൽ NCC പ്രവർത്തിക്കുന്നു.

ഗവ.ഹൈസ്കൂളിൾ മീനങ്ങാടിയിൽ 1984 ഡിസംബർ മാസത്തിൽ ആദ്യബാച്ച് NCC പ്രവർത്തിച്ചുതുടങ്ങി.ഇന്ത്യൻ നാവികസേനയുടെ കീഴിലുള്ള Naval NCC ആണ് ഇവിടെയുള്ളത്.100 കേഡറ്റുകളാണ് NCC യിൽ ഉള്ളത്.എല്ലാ വർഷവും വിവിധങ്ങളായ സാമൂഹ്യസേവന പരിപാടികൾ NCC ഏറ്റെടുത്തു നടത്തുന്നു.

2018-2019 അധ്യയന വർഷത്തിൽ നിർധന വിദ്യാർത്ഥികൾ യൂണിഫോം വിതരണം,മീനങ്ങാടി സാമൂഹ്യാരോഗ്യകേന്ദ്രം ശുചീകരണം,പാഠപുസ്തക വിതരണം,വാഴവറ്റ ജ്യോതിസ് ചാരിറ്റിഹോം സന്ദർശനവും ഭക്ഷണ വിതരണവും നടത്തി



# STUDY TOUR

യാത്രകൾ ചെയ്യാൻ ഒരുപാട് ഇഷ്ടപ്പെട്ടിരുന്ന എന്നെ തേടി ഈ വർഷത്തെ സ്കൂൾ ടൂർ എത്തിയത് വളരെ യാദൃശ്ചികമായാണ്.പോകുന്നില്ലായെന്ന തീരുമാനിച്ചതാണ്.പക്ഷെ,എന്തോ എന്നെ പോകാൻ പ്രേരിപ്പച്ചത്.

തിരുവനന്തപുരം,എറണാകുളം ജില്ലകളിലൂടെയുള്ള ഈ വിനോദയാത്രക്ക് ഞങ്ങൾ നൽകിയ പേര് പഠനയാത്ര എന്നാണ്.മൂന്ന ദിവസം കൂട്ടുകാർക്കൊപ്പം അടിച്ചുപൊളിച് പോകുന്നതിന്റെ രസം,അത് പറഞ്ഞറിയിക്കാൻ പറ്റില്ല.ഒരാഴ്ച മുൻപേ എല്ലാം ഞങ്ങൾ പ്ലാൻ ചെയ്തിരുന്നു.അങ്ങനെയാകെ പ്രതീക്ഷിച്ചിരുന്ന ആ ദിവസം വന്നെത്തി.നവംബര് ൨൯.പക്ഷെ,ഒത്തിരി സന്തോഷത്തിലും ഇത്തിരി വിഷമമുണ്ടായിരുന്നു.ഞങ്ങളുടെ ചങ്ക് അഷ്മിന വന്നില്ല.വൈകുന്നേരം അഞ്ചുമണിയായപ്പോഴേക്കും ബസ് പുറപ്പെട്ടിരുന്നു.അമ്മയാണ് യാത്രയാക്കാൻ വന്നത് കൂട്ടുകാരെ കണ്ടപ്പോൾ മറ്റെല്ലാ വിഷമങ്ങളും മറന്നു.ബാലൻ സാറും ബഷീർ സാറും സലിം ടീച്ചറും പിന്നെയൊരു സ്റ്റാഫുമാണ് എന്റെ ബസ്സിൽ ഉണ്ടായിരുന്നത്."വയനാട്" എന്ന പേരുള്ള ഞങ്ങളുടെ ബസ്സിന്റെ നമ്പർ 3 ആയിരുന്നു.

ആദ്യം പോവുക തിരുവനന്തപുരത്തേക്കാണ്.ഞനും അഖിലയുമാണ് ഒരു സീറ്റിൽ ഇരുന്നത്.ബസ്സിൽ പാട്ടും ഡാൻസും ആയി ഞങ്ങൾ ആദ്യ സായാഹ്നം അടിച്ചുപൊളിച്ചു. നവംബര് 30 ന ഏകദേശം ആറുമണിയായപ്പോഴേക്കും തിരുവനന്തപുരത് എത്തിയിരുന്നു. അവിടെയുള്ള ലോഡ്ജിൽ റൂമെടുത്തു.ഞാനും അഖിലയും ദര്ശനയും അക്ഷലുമാണ് ഒരു റൂമിൽ.ആദ്യം ശ്രീ പദ്മനാഭ സ്വാമി ക്ഷത്രത്തിലേക്കാണെന്ന് കരുതി എല്ലാരും വെറുതെ കുളിച്ചു.പോയത് isro യിലേക്കാണ്.ഞാൻ ഒരുപാട് ആഗ്രഹിച്ചിരുന്ന അവിടെപ്പോകാൻ.പക്ഷെ ഉച്ചയായപ്പോഴാണ് അവിടെനിന്നും പുറത്തിറങ്ങാൻ കഴിഞ്ഞത്.പിന്നെ ഒരു മൂന്ന മണിയോടെ ഞങ്ങൾ മൃഗ ശാലയിൽ എത്തി.മൃഗ ശാലയും ആര്ട്ട് ഗാല്ലെറിയും ഒരേ സ്ഥലത്തായിരുന്നെങ്കിലും സമയമേറെ

വൈകിയിരുന്നതിനാൽ മൃഗ ശാല മാത്രം കണ്ടു മടങ്ങേണ്ടി വന്നു.കോവളം ബീച്ചിൽ ചിലവാഴ്ച വൈകുന്നേരം  ഒരിക്കലും മറക്കാൻ പറ്റാത്ത ഒരനുഭവമായിരുന്നു.നല്ലൊരു സൂര്യാസ്തമയമാണ് അവിടെ കാണാൻ കഴിഞ്ഞത്.സൂര്യൻ കാടലഇനപ്പുറം മറയുമ്പോൾ നീലാകാശം ചുവപ്പായി മാറുന്ന കാഴ്ച വിസ്മയകരമായിരുന്നു.

തിരികെ ലോഡ്ജിൽ എത്തിയപ്പോൾ ഏഴുമണിയായിരുന്നു.ഭക്ഷണം കഴിച്ച ഞങ്ങൾ റൂണമിലേക്ക് പോയി.പിറ്റേദിവസം രാവിലെയാണ് ക്ഷേത്രത്തിൽ പോവുന്നതെന്ന് അറിയാൻ കഴ്ഞ്ഞു.ബ്രേക്ഫാസ്റ്റിനു ശേഷം ഏഴുമണിയോടെ ഞങ്ങൾ എറണാകുളത്തേക്ക് തിരിച്ചു.ഉച്ചയോടെയാണ് "വണ്ടർലാ"യിലെത്തിയത്.ഭക്ഷണം കഴിച്ച പിന്നെ വൈകുന്നരം വരെ അവിടെ അടിച്ചുപൊളിച്ചു.ഒരുവിധം എല്ലാ റൈസിലും കയറിയ ശേഷമാണു ഞങ്ങൾ പുറത്തിറങ്ങിയത് വൈകുന്നേരം മരിയൻ ഡ്രൈവിലെത്തി നല്ലൊരു ബോട്ട് യാത്രയും കഴിഞ്ഞ നേരെ മെട്രോയിലേക്ക് പോയി.ബോട്ടിലെ ഡിജെ ഇന്നും മനസ്സിൽ തന്നെയുണ്ട്. മെട്രോയിൽ നിന്നും മടങ്ങി ഭക്ഷണം കഴിച്ച ടൂറിന്റെ അവസാന സ്ഥലമായ ലുലു മാളിൽ കയറി.ശേഷം രാത്രി ഒൻപതു മണിയോടെ തിരിച്ച വയനാട്ടിലേക്ക് മടങ്ങി.

രാവിലെ ഏഴു മണിയോടെ സ്കൂളിലെത്തി.സമയത്തിന്റെ പ്രശ്നത്താൽ കുറച്ച സ്ഥലങ്ങൾ കുറക്കേണ്ടി വന്നെങ്കിലും ഈ രണ്ടു ദിവസങ്ങൾ വളരെ അധികം സന്തോഷിച്ചിരിന്നു.എല്ലാം കുറച്ച നിമിഷങ്ങൾക്ക് മുൻപ് കഴിഞ്ഞതുപോലെ....ഒരിക്കൽ കൂടി ഒരു ടൂർ പോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന ഇപ്പോൾ ഞൻ അതിയായി ആഗ്രഹിക്കുന്നു.



Santhra Prakash

# ജോയൽ എന്ന വിസ്മയം




ചായം മുക്കിയ ബ്രഷ് കടിച്ചുപിടിച്ച് കൈകാലുകളുടെ സ്വാധീനക്കുറവുകവെക്കാതെ മനോഹര ചിത്രങ്ങളിലേക്കുവർണ്ണക്കൂട്ടൊരുക്കി വിസ്മയം സൃഷ്ടിക്കുകയാണ് മീനങ്ങാടി ജി . എസ് . എസ്സിലെ എട്ട് ഡീയിൽ പഠിക്കുന്ന ജോയൽ . കെ . ബിജു . മിനിറ്റുകൾക്കുള്ളിൽ മനോഹര ചിത്രങ്ങൾ തെളിയും .

മീനങ്ങാടി കാരച്ചാൽ കണ്ടമാലിൽ ബിജു-ടീന ദമ്പതികളുടെ ഇളയ മകനായ ജോയൽ കഴിഞ്ഞ ഒന്നരമാസം കൊണ്ട് അഞ്ഞൂറോളം ചിത്രങ്ങൾ വരച്ചാണ് വിധിയോട് പൊരുതുന്നത് .പതിനാലുകാരനായ ജോയൽ ആറുവയസ്സുവരെ മറ്റു കുട്ടികളെപ്പോലെ കളിച്ചുല്ലസിച്ചാണ് കഴിഞ്ഞത് . പിന്നീടാണ് പേഷികളുടെ ഫലം നഷ്ട്ടപ്പെടുന്ന മാസ്കുലാർ ഡിസ്ട്രോഫി എന്ന  ജനിതകരോഗാവസ്ഥയാണ് ജോയലിനെന്ന് തിരിച്ചറിയുന്നത്

വിധിക്കുമുന്നിൽ മക്കളെ തളച്ചിടാൻ ബിജുവും ടീനയും തയ്യാറായില്ല. മൂന്നുവർഷത്തോളം ബത്തേരി ബി.ആർ.സിയുടെ ആദിമുഖ്യത്തിൽ ഹോം ബൊയ്സ്ഡ് ടീച്ചിംഗ് ക്ലസ്സ് നൽകി . പിന്നിട് വിവരമറിഞ്ഞെത്തിയ കാസർകോഡുകാരായ ചന്ദ്രിക,സുനിത എന്നീഅധ്യാപികമാർ ജോയലിന് ചിത്ര രചനയുടെ ബാല പാഠങ്ങൾ പകർന്നു നൽകി. പീന്നിട് ചിത്രകാരനും ശിൽപിയുമായ കെ.ആർ.സി തായന്നൂരാണ് മൗത്ത് പെയ്ന്റിങ് പരിശീലിക്കാൻ ജോയലിനെ സഹായിച്ചത് . തായന്നൂരിന്റെ ശിക്ഷണത്തിൽ വളരെ വേഗം വായ ഉപയോഗിച്ചുള്ള ചിത്ര രചനയിൽ ജോയൽ മിടുക്കുകാട്ടി.

ചുരുങ്ങിയ കാലയളവിനുള്ളിൽ ജോയൽ വരച്ചുകൂട്ടിയ ചിത്രങ്ങളുടെ പ്രദർശനം ലോക ദിന്നശേഷി ദിനത്തിൽ ബത്തേരി ടൗൺഹാളിൽ സംഘടിപ്പിച്ചിരുന്നു. നന്നായി സംസാരിക്കുന്നജോയൽ മികച്ചൊരു ഗായകൻും കൂടിയാണ്ന്ന് ക്ലാസ്സ് അധ്യാപകയായ സബുമോൾ ടീച്ചറും മറ്റ് അധ്യാപകരും സാക്ഷ്യപ്പെടുത്തുന്നു.



Fasal Rahman
(9I)

# രമേഷ് വയനാടിന്റെ പൊൻതൂവൽ




സംസ്ഥാന സ്കൂൾ കായിക മേളയിൽ വയനാടിന് ഏക മെഡൽ സമ്മാനിച്ച കായികതാരം.

G.H.S.S മീനങ്ങാടി സ്കൂളിൽ 8-ാം ക്ലാസ്സിലാണ് രമേശ്.സബ് ജൂനിയർ ബോയ്സ് 200 മീറ്റർ വിഭാഗത്തിലായിരുന്ന

രമേശിന്റെ വെങ്കലനേട്ടം .കായിക അധ്യപകൻ മുകുന്ദൻ സാറിന്റെ മേൽനോട്ടത്തിൽ പരിശീലനം നടത്തിയ രമേശ്

സബ്ജില്ലയിലും,ജില്ലയിലും മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാന സ്കൂൾ കായികമേളയിൽ വരൾച്ചയിൽ നിന്ന വയനാടിനെ

കൈപിടിച്ചുയർതാൻ രമേഷിനുകഴ്ഞ്ഞു .ഇതോടെ രമേശ് വയനാടിനു ഒരു പൊൻതൂവൽ തന്നെ ആയിത്തീർന്നു .മീനങ്ങാടി സ്കൂളിന് അഭിമാനത്തിന്റെ മുഹൂർത്തം.



Akash TP (9j)



## My Inspiring Teacher

In my educational years I have come across many teachers. Some of them made good influence on my learning process and character formation. But Sunil sir is an outstanding teacher, in a sence that he inspired me in lighting my scientific thoughts and learning by doing in the subject Physics. Sunil sir taught us Physics in the eighth standard when I started to learn Physics as a separate subject. During the physics class in eighth standard Sunil sir given many opportunities to prepare some simple equipments in Physics and allowed to conduct some experiments in class. We were actually waiting physics period as Sunil sir brought many toys or teaching aids in class room and with the help of those instruments we could easily understand some of the difficult principles of Physics.

Last year Sunil sir helped me in conducting improvised experiment in the concept of Waves and myself presented it in School Sasthrolsavam and got A grade in State School Sasthrolsavam held at Kozhikode. Really the guidelines and advise were the factors behind the success.

Being a Physics teacher, Sunil sir spent much of his time in preparing teaching aids in science. He also shared his experiments through social media to help other physics teachers in the state. I am proud to say he is the only teacher from Wayanad district to get a prize in the teaching aid competition for High School Teachers in the State Sasthrolsavam held at

Kannur this year. He had also participated in it last year.

Sunil sir is not only a mere teacher who teach us Physics, but he also inspires us in many areas like Science fair and science experimentation, and sharpens our scientific thoughts. I pray to the Almighty let his teachings and accademic activities may create many good engineers and many more enlighten scientists to the society so that our nation could prosper along with Science.



Dan Mathew Saj

# വിദ്യാരംഗം കലാസാഹിത്യവേദി

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വർഷങ്ങൾക്കുമുമ്പ് വിദ്യാലയങ്ങളിൽ രൂപീകൃതമായ വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് വിദ്യാരംഗം കലാസാഹിത്യവേദി.പണകൊഴുപ്പിന്റെ മേളകളായ് സ്കൂൾ കലോത്സവങ്ങൽ മാറുമ്പോൾ പാവപ്പെട്ടവന്റെ കുട്ടികൾക്ക് തങ്ങളിൽ അന്തർലീനമായിരിക്കുന്ന കലാസാഹിത്യവാസനകൾ അവതരിപ്പിക്കാനുള്ള ഇടമായ് വിദ്യാരംഗം കലാസാഹിത്യവേദികൾ മാറുന്നു.ഗ്രേസ് മാർക്കുകൾക്കുള്ള പോരാട്ടമില്ലാതെ അച്ഛനമ്മമാരുടെയും ഗുരുക്കന്മാരുടെയും വാഗ്വാദങ്ങളില്ലാതെ കലയെ,സാഹിത്യത്തെ സ്നേഹിക്കുന്നവർക്കു മാത്രമായുള്ള ഒരു ഇടമാണ് വിദ്യാരംഗം.

അടുത്ത കാലം വരെ മത്സരങ്ങളുടെ ഒരു രീതി വിദ്യാരംഗത്തിനുണ്ടായിരുന്നെങ്കിൽ നാലു വർഷത്തോാഷളമായി അതിനു മാറ്റം വന്നിരിക്കുന്നു.കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളും ഇപ്പോൾ വിദ്യാരംഗത്തിലെ അംഗങ്ങളാണ്.ക്ലാസ്സ് തലം,സ്കൂൾ തലം,സബ്ജില്ലാ തലം,ജില്ലാ തലം,സംസ്ഥാന തലം, എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന കലാസാഹിത്യ പ്രതിഭകൾക്കായ് ശിൽപ്പശാലകളാണ് ഇപ്പോൾ നടത്തപ്പെടുന്നത്.ഈ ശിൽപ്പശാലകൾ നയിക്കുന്നത് കലാസാഹിത്യ രംഗത്തെ കുലപതികളാണ്.അതു കൊണ്ടു തന്നെ ഈ കൂട്ടായ്മകളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്ന വളർന്നുവരുന്ന പ്രതിഭകൾക്ക് അവിസ്മരണീയമായ ഒരു അനുഭവം ആയും പ്രാത്സാഹനമായും അത് മാറുന്നു.

നമ്മുടെ വിദ്യാലയത്തിലും ഈ വർഷം വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങൾ സജീവമായി തന്നെ നടന്നിരുന്നു.പ്രളയക്കെടുതിയിൽ നമ്മുടെ ജില്ലയും സംസ്ഥാനവും വിറങ്ങലിച്ചു നിന്നപ്പോൾ പ്രവർത്തനങ്ങൾ ആരംഭിക്കാൻ അൽപ്പം വൈകിയെന്നു മാത്രം.സ്കൂൾ തല ഉദ്ഘാടനം

നിർവഹിച്ചത് പ്രസിദ്ധ നാടൻപാട്ടുകാരനായ ശ്രീ.രാജൻ കെ.ആചാരിയായിരുന്നു.ഹെഡ്മാസ്റ്റർ ശ്രീ.നാരായണൻ സാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പി.ടി.എ പ്രസിഡന്റ് ശ്രീ.ബിനു,ഡെപ്യൂട്ടി എച്ച്.എം.ശ്രീമതി സാലിൻ ടീച്ചർ എന്നിവർ ആശംസകളർപ്പിച്ചു.

സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ അസംപ്ഷൻ എ.യു,പി സ്കൂളിൽ വെച്ച് നടന്ന ഉപജില്ലാ തല ശിലപശാലയിൽ പങ്കെടുത്തു.കവിതാരചന, കഥാരചനാ, ചിത്രരചന, കവിതാലാപനം, നാടൻപാട്ട്, പുസ്തകാസ്വാദനം, അഭിനയം എന്നിങ്ങനെ ഏഴു വിഭാഗങ്ങളിലായ് യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നും കലാ പ്രതിഭകൾ മാറ്റുരച്ചു.ഇതിൽ നിന്നും അതുല്യാ റാണി(കവിതാലാപനം), വിഷ്ണു (നാടൻ പാട്ട്), അഭിനന്ദ ഷാജു (ചിത്ര രചന), ഐശ്വര്യ എസ്.ദേവ് (പുസ്തകാസ്വാദനം)എന്നിവർ മാനന്തവാടിയിൽ വെച്ച് നടന്ന ജില്ലാ തല ശില്പശാലയിൽ പങ്കെടുത്തു.അതുല്യറാണിയും ഐശ്വര്യ എസ്.ദേവും ഡിസംബർ അവസാന വാരം എർണാകുളത്തു വെച്ചു നടക്കുന്ന സംസ്ഥാന തല ശില്പശാലയിൽ പങ്കെടുക്കാൻ യോഗ്യത നേടി. മലയാള സാഹിത്യ ലോകത്തെ തലയേടുപ്പുപുള്ള സാഹിത്യകാരന്മാർ പങ്കെടുക്കുന്ന ശില്പശാലയിൽ പങ്കെടുക്കാൻ നമ്മുടെ കുട്ടുകാർക്ക് അവസരം ലഭിച്ചത് അഭിമാനിക്കാൻ വക നൽകുന്നതാണ്.

ഇങ്ങനെ അനവധി പരിമതിക്കുള്ളിൽ നിന്നു കൊണ്ടാണെങ്കിലും വിദ്യാരംഗം കലാസാഹിത്യ വേദി തനത് പ്രവർത്തനങ്ങളുമായി അനുസ്യൂതം യാത്ര തുടർന്നു.



ഫെമി.എ.ഡി.

# പ്രകൃതിപഠന ക്യാമ്പ് (കല്ലുമുക്ക്)

വയനാട്ടിലെ ഫോറസ്റ്റ് റെയ്ഞ്ചായ കല്ലുമുക്കിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്സിൽ അംഗങ്ങളായ ഞങ്ങൾ പ്രകൃതിയെ അറിയാനും,പ്രകൃതിയെ പറ്റി പഠിക്കാനും പ്രകൃതി പഠന ക്യാമ്പിന് പോയി.27,28,29 ദിവസങ്ങളിൽ നടന്ന പ്രകൃതി പഠന ക്യാമ്പ് ഞങ്ങളുടെ ജീവിതത്തിൽ ഒരു നാഴിക കല്ല് തന്നെയായിരുന്നു.മീനങ്ങാടി സ്കൂളിൽ നിന്നും ഉച്ചയോടെ ഞങ്ങൾ 33 പേരും,കൂടെ ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ കൂടെ നിന്ന് നിയന്ത്രിക്കുന്ന അധ്യാപകരായ മഹേഷ് സാറും,റജീന ടീച്ചറും, കൂടെ പോലീസ് ഉദ്യോഗസ്ഥയായ ഭാഗ്യവതി മാഡവും ഞങ്ങളുടെ കൂടെ യാത്രപുറപ്പെട്ടു.

ഈ ക്യാമ്പ് കേവലം ക്യാമ്പ് മാത്രമായരുന്നില്ല.ഞങ്ങളുടെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവം കൂടിയാണ്.കല്ലുമുക്കിൽ എത്തിയ ഞങ്ങൾ ആദ്യം ഒന്ന് ഭയന്നെങ്കിലും,പിന്നീട് ഞങ്ങൾ പ്രകൃതിയെ അറിയാൻ തുടങ്ങി. ആദ്യം ചെന്നപ്പോൾ അവിടത്തെ ഉദ്യോഗസ്ഥനായ ബാബു സാർ ഞങ്ങൾക്കു നല്ല ക്ലാസ്സ് എടുത്തുതരികയും തുടർന്ന് ലോകം മുഴുവൻ സഞ്ചരിക്കുകയും,ലോകത്തിലെ എല്ലാ കാടുകളെ പറ്റി അറിയുകയും,സന്ദർശിക്കുകയും ചെയ്ത സതീഷ് ചന്ദ്രൻ സാർ അനുഭവങ്ങളിൽ കൂടി ഞങ്ങൾക്കു ഒരു നല്ല ക്ലാസ്സ് എടുത്തു തന്നു.സതീഷ് ചന്ദ്രൻ സാർ ഞങ്ങൾക്കു വീണുകിട്ടിയ ഒരു ഭാഗ്യം തന്നെയായിരുന്നു.തുടർന്ന് സാറിന്റെ ക്ലാസ്സിനു ശേഷം ഭക്ഷണം കഴിച്ച്, നിലാവുള്ള രാത്രിയിൽ, കൊടും തണുപ്പിൽ മൃഗങ്ങളുടെ അലറൽ ഗീതമായ് ആസ്വദിച്ച് ഞങ്ങൾ നിദ്രയിലേക്ക് ചാഞ്ഞു.

പുലർകാല വേളയിൽ കിളികളുടെ ശബ്ദത്തോടെ എഴുന്നേറ്റ ഞങ്ങൾക്ക് രണ്ടാം ദിനം ഒരു ശുഭ ദിനം തന്നെയായിരുന്നു. പ്രഭാത കൃത്യങ്ങൾക്കു ശേഷം, കാടിനെ അറിയാനും കാട് എന്താമെന്നറിയാനും വേണ്ടി ഞങ്ങൾ ട്രക്കിങ്ങിന് പോയി.നമ്മുടെ കൺമുന്നിൽ കാണുന്ന മരങ്ങളെ പറ്റി ഇന്നേവരെ

അതിന്റെ ഗുണം  അറിയാത്ത ഞങ്ങൾക്ക് മരം വിറകിനും, കെട്ടിട നിർമ്മാണനത്തിനും മാത്രമല്ല ഉപയോഗിക്കുന്നത് എന്ന് മനസ്സിലാക്കി തന്നു.മരം എന്ന് പറയുന്നത് വെള്ളം സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട് എന്ന് മനസ്സിലായി.നമ്മൾ എന്നും ഭീതിയോടെ നോക്കി കാണുന്ന ഒന്നാണ് കടുവ. പക്ഷെ കടുവ മനുഷ്യനെയും മൃഗങ്ങളെയും കൊന്ന് തിന്നുന്ന ജീവിയല്ല എന്നും, കടുവ എന്ന് പറയുന്നത് വെള്ളം സംരക്ഷിക്കുന്നതിൽ ഒഴിച്ച് കൂടാൻ പറ്റാത്ത കണ്ണിയാണ് എന്ന് മനസ്സിലാവുകയും ചെയ്തു.തുടർന്ന് ഞങ്ങൾ എത്തി ചേർന്നത് ഒരു കുളത്തിന്റെ  അടുത്താണ്.കണ്ണിനെ കുളിർമയാക്കുന്ന, മനോഹര ദൃശ്യങ്ങൾ,മനസ്സിനെ സന്തോഷിപ്പിക്കുന്ന കാഴ്ചകൾ ഇവയെല്ലാം ഞങ്ങൾ ആസ്യദിച്ചു.അങ്ങനെ ഞങ്ങൾ കാടിന്റെ ഉള്ളഉൽ നിന്നും തിരിഞ്ഞു നടന്നു.ശേഷം ഞങ്ങൾക്ക് ഒരു സുവർണ്ണാവസരം പോലെ സതീഷ് ചന്ദ്രൻ സാറിന്റെ ക്ലാസ്സ് ലഭിച്ചു.ശേഷം ഞങ്ങൾ ഉച്ച ഭക്ഷണം കഴിക്കുകയും തുടർന്ന് ഞങ്ങൾ ഒരു പുഴ സന്ദർശിക്കുകയും, ഞങ്ങളുടെ സംശയം തീർത്ത് തരുകയും, പ്രകൃതിയെ കൊല്ലുന്ന കള സസ്യങ്ങളെ പറ്റി പറയുകയും ചെയ്തു.തുടർന്ന് അവിടെയുള്ള വീരാൻകുട്ടി സാർ ഞങ്ങൾക്കു നിയമങ്ങളുടെ കഥ പഠിപ്പിക്കുകയും ചെയ്തു.തുടർന്ന് ഞങ്ങളുടെ കാര്യങ്ങൾ അറിയാൻ വേണ്ടി സ്കൂളിൽ നിന്നും അധ്യാപകരും പ്രധാന അധ്യാപകനും കാണാൻ എത്തി.അങ്ങനെ രണ്ടാം ദിനം അസ്തമിച്ചു.

മൂന്നാം ദിനം ഏവരുടെയും മനസ്സ് സന്തോഷത്തിലാമ്. പ്രകൃതിയെ അറിയാൻ സാധിച്ചെങ്കിലും കാടിനെ കൊല്ലുന്ന കള സസ്യം പറിച്ച് കളഞ്ഞെങ്കിലും, നമ്മുടെ കൂടെ ഉണ്ടായിരുന്ന, നാം എന്നും കീഴ്ജാതിക്കാർ ആണ് എന്നും പറഞ്ഞ് തള്ളി കളയുന്ന ഗോത്ര വർഗ്ഗക്കാരുടെ കോളനി സന്ദർശിക്കുകയും ചെയ്തു.അവിടെയുള്ള പ്രത്യേക തരം പാട്ടുകളും, അവിടത്തെ കലാകാരന്മാരെയും ഞങ്ങൾ പ്രോത്സാഹിപ്പിച്ചു.

ഉച്ചയ്ക്ക് ശേഷം ഞങ്ങൾ കാടിനെ അറിഞ്ഞ്,കാട് ആസ്വദിച്ച് ഞങ്ങൾ തിരിച്ചു. ഈ ഒരു അനുഭവം ഞങ്ങൾ spc കുട്ടികൾക്ക് കിട്ടിയതിൽ ഇന്നും അഭിമാനിക്കുന്നു.

# ശാസ്ത്രവും സാങ്കേതിക വിദ്യയും സുസ്ഥിര ഭാവിക്ക്

ശാസ്ത്രലോകം എന്നും കൗതുകങ്ങൾ നൽകി മനുഷ്യനെ ആകർഷിക്കുന്നു. അറിയപ്പെടാതിരിക്കുന്നവയെ അറിയുക എന്ന സാമാധ്യതത്വം ഉപയോഗിച്ച് കൂടുതൽ കണ്ടെത്തലുകൾ നടത്തി ശാസ്ത്രവും ശാസ്ത്രത്തിന്റെ മേഖലകളിൽ കർമ്മനിരന്തര്യകുന്നവരും പ്രയാണം തുടരുമ്പോൾ ശസ്ത്രലോകത്തെക്കുറിച്ച് കൂടുതൽ മനസിലാക്കേണ്ടതെന്നത് അദിഷേണീയം തന്നെ.
ദീർഘമായ പരിണാമത്തിലൂടെ കടന്നു വന്ന ശാസ്ത്രത്തിന്ന് മനുഷ്യരുടെ ദൈനന്ദിന ജീവിതത്തിൽ വ്യക്തമായ സ്വാധീനമുണ്ട്.18 ആം നൂറ്റാണ്ടോടെ ഉയർന്നു വന്ന ശാസ്ത്ര വിപ്ലവത്തെ തുടർന്നാണ് ശാസ്ത്ര പുരോഗതി വേഗത കൈവരിച്ചത്. ആധുനിക സാങ്കേതിക വിദ്യയുടെ കടന്നുകയറ്റത്തോ ടെ മനുഷ്യ ജീവിതത്തിൽ ശാസ്ത്രത്തിന്റെ സ്വാദീനം ശക്തമായിരിക്കുകയാണ്. സാങ്കേതിക വിദ്യയുടെ ചില രൂപങ്ങൾ സ്ഥിരപ്രതിഷ്ഠ നേടുമെങ്കിലും അവയുടെ അടിസ്ഥാനമായ ശാസ്ത്രീയ നേട്ടങ്ങൾ പലപ്പോഴും വിസ്മരിക്കപ്പെടാറുണ്ട്.

മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശാസ്ത്രത്തിന് വ്യക്തമായ സ്വാധീനമുണ്ട്. ആരോഗ്യരംഗത്തും ഭക്ഷ്യ രംഗത്തും ആറുനിക സാങ്കേതിക വിദ്യകളുടെ സ്വാധീനം നിർണായകമാണ്. അറിവീന്റെ ഉപദോ ഗരുപതെയാണ് പൊതുവെ സാങ്കേതിക വിദ്യ എന്നു പറയുന്നത്. ഉൽപാദനത്തിന്നോ ശാസ്ത്രീയ ന്വേഷണം പോലുള്ള ലക്ഷ്യ പൂർത്തീകരണങ്ങൾക്കൊ വേണ്ടി ഉപയോഗിക്കുന്ന കഴിവുകളുടെയും മാർഗങ്ങളുടെയും പ്രക്രിയകളുടെയും ഒരു ശേഖരമായി ഇതിനെ കണക്കാക്കാം. മനുഷ്യസമൂഹത്തിൽ ശാസ്ത്ര മേഖലയാണ് പ്രധാനമായും ഇതുമായി ബന്ധപ്പെടുന്നത്. ശാസ്ത്രവും സാങ്കേതിക വിദ്യയും ചേർന്നാൻ മാത്രമെ ലോകത്തിന്റെ വികാസം സാദ്യമാവുകയുള്ളൂ

ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ സാമ്പത്തിക വളർച്ചയും സാമൂഹിക ക്ഷേമവും കൈവരുത്തിയാൽ മാത്രമെ രാജ്യത്തിന് ലോകത്ത് തലയുയർത്തി

നിൽക്കാനാകു എന്ന് ജവഹർലാൽ നെഹ്റു വിശ്വസിച്ചിരുന്നു.അതു കൊണ്ടു തന്നെയാണദേഹം 1958 ലെ സയന്റിഫിക് പോളിസി റെസല്യൂഷന് മുന്കൈയെടുത്തത് ബ്രിട്ടീഷ് ഭരണത്തിനു ശേഷം ദാരിദ്രവും തൊഴിലില്ലായ്മയും പടർന്നു പിടിച്ച കാലത്ത് ഇന്ത്യക്കാരു ശാസ്ത്ര മുന്നേറ്റം അപ്രയോഗികമായിരുന്നു നെഹ്രുവിന്റെ 58-ലെ ആ പ്രമേയം തന്നെയാണ് ഇന്നും ഇന്ത്യയുടെ ശാസ്ത്ര സാങ്കേതിക മേഖലയിലെ വഴികാട്ടി. സ്വയം പര്യാപ്തവു സുസ്ഥിരവും നൂതനവുമാകണം ഇന്ത്യൻ കണ്ടുപിടുത്തങ്ങളുടെ മുഖമുദ്ര എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. 1983-ലെ ഇന്ധിരാഗാന്ധിയുടെ സയൻറിഫിക്ക് സെല്യൂഷ്യനും ഇതേ പാതയാണ് പിന്തുടർന്നത്.നെഹ്റുവും ഇന്ധിരയും ശാസ്ത്ര സാങ്കേതിക വിറ ശ്രുദ്ധ വളർച്ചക്കും പരിപോഷണത്തിനുമായി ശാസ്ത്രജ്ഞർക്ക് വേണ്ടതെല്ലാം ചെയ്തുകൊടുത്തു. ഹോമിജഹാംഗീർ ബാബയും വിക്രം സാരാഭായിയേയും പോലെയുള്ള ശാസ്ത്രജ്ഞരും ഒത്തുചേർന്നപ്പോൾ ഇന്ത്യക്കു മേൽ ശാസ്ത്രലോകത്തിന്റെ കണ്ണ് പതിയാൻ തുടങ്ങി അങ്ങനെയാണ് ആര്യഭട്ടയും മൈത്രിയും അപ്സരസും ബുദ്ധന്റെ ചിരിയുമെല്ലാം ഇന്ത്യക്ക് ദർശിക്കാനായത്.

പക്ഷേ 21ാം നൂറ്റാണ്ട് പിന്നെ ഒരു ദശകം പിന്നിട്ടിട്ടും ഇന്ത്യൻ ശാസ്ത്ര ഗവേഷണ മേഖല പാതിയറക്കത്തിലാണ്.കലാമിനും സ്വാമിനാഥനും രാ ധാകൃഷ്ണനുമപ്പുറം ഇന്ത്യയുടെ ഗവേഷണ ദൗത്യങ്ങൾക്ക് നവചൈതന്യവും യുവപ്പവും നഷ്ട്ടപെട്ടിരിക്കുന്നു. ഇന്ത്യൻ ശാസ്ത്ര സാങ്കേതിക മേഖല പ്രതിസന്ധികളുടെ നടുക്കയത്തിലാണ് മേഖലയിലെ യുവക്കളുടെ പ്രതിനിധ്യക്കുറവ്, അടിസ്ഥാന സൗകര്യങ്ങളിലെ പിന്നാക്ക വസ്ഥ, ജ്റിലെ കുറഞ്ഞ വിഹിതം പര തോതിലുള്ള വിദേശ ആശ്രിതത്വം എന്നിവ വ ശാസ്ത്ര സ്വപ്നങ്ങൾക്ക് എന്നും വിലങ്ങുതടിയാണ്, ഇവക്ക് പരിഹാരം കണ്ടാലല്ലാതെ രാജ്യത്തിന്റെ ഗവേഷണ മേലെ അകപ്പെട്ട പുകുഴിയിൽ നിന്ന് മുക്ക്തി നേടുകയില്ല പാശ്ചാത്യരുടെയും യൂറൊപ്യരുടേയും കണ്ടുപിടുത്തങ്ങളിൽ നിന്ന് പകർപ്പെടുക്കാനും കോടികളുടെ ആയുധക്കച്ചവടം ഉറപ്പിക്കാനുമായിരുന്നു അവരുടെ താത്പര്യം ഇത് ശാസ്ത്രജ്ഞരെയും സാധാരണക്കാരെയും ഒരു പോലെ മുരടിപ്പിക്കുന്ന നയമാണ്.

സ്വപ്രയത്നം കൊണ്ട് ശാസ്ത്ര സാങ്കേതിക വിദ്യയിൽ ബഹുദൂരം മുന്നേറിയ മൂന്

ഏഷ്യൻ രാഷ്ട്രങ്ങളുടെ ചരിത്രം നോക്കണം. രണ്ടാം ലേകമഹായുദ്ധത്തിൽ തകർന്നടിഞ്ഞ ഇവാൻ ശാസ്ത്രത്തിന്റെ ചിറകിലേറി ഉയർത്തെഴുന്നേറ്റ് ലോക ശക്തിയായി. യഥാക്രമം 1998 ലും 1999 ലും രൂപത കൊണ്ട ദക്ഷിണ കൊറിയയും ചൈനയും ഇന്ന് മുന്നിൽ നിൽക്കുന്ന രാഷ്ട്രങ്ങളാണ് ഈ രാഷ്ട്രങ്ങളെല്ലാം സ്വജനങ്ങളിലും ശസ്ത്രജ്ഞരിലും വിശ്വാസമർപ്പിച്ച് ശാസ്ത്ര ഗവേഷണത്തിലും ഉൽപ്പാദനത്തിലും പുതിയ പടികൾ താണ്ടുമ്പോൾ ഇന്ത്യക്കാരൻ വർഷങ്ങളോളം പേറി നായി അവരുടെ പടിവാതിലിൽ യാചിച്ച് നിൽക്കുന്ന അവസ്ഥയാണ്. സാംസംഗും എൽ ജിയും നിസാന്നും പോണ്ടയും ഹ്ണ്ടായിയും ടെയോട്ടയും മിസ്തുബിഷിയുമെല്ലാം ഇന്ത്യൻ വാഹന ഗൃഹോപകരണ ഇലക്ട്രോണിക്സ് രംഗത്ത് നല്ലൊരു ഭാഗവും കൈയാളുന്നു. വില കുറഞ്ഞ ഉൽപ്പെന്നങ്ങളുമായി Made in China യും സജീവമണ് പ്രതിരോധ ആയുതങ്ങൾക്ക് വേണ്ടി നാം റഷ്യയെയും ഇസ്രാ ലിനേയും ആശ്രയിക്കുന്നു. ഇത്തരത്തിൽ ഇന്ത്യൻ സർക്കാരും ജനങ്ങളും ഒരുപോലെ വിദേശ ശിതരായ ഈ ദുരവസ്ഥയ്ക്ക് നാം ആരെ പഴിചാരും? ഇന്ത്യൻ സമൂഹം ഇനിയും ആശ്രിതരായി കഴിയേണ്ടതുണ്ടോ?

ജനവരി ആദ്യവാരത്തിൽ കൊൽക്കത്തയിൽ നടന്ന സയൻസ് കോൺഗ്രസ് നമുക്ക് നൽകിയ തീം: 'science for Shar Pening the fulture of india'വെച്ച് നോക്കുമ്പോൾ ഇന്ത്യയുടെ ഭാവി ശാസ്ത്രജ്ഞരുടെ കരങ്ങളിലാണ്.രാജ്യത്തിന്റെ വിജയപരാജയങ്ങൾ നിർണയിക്കുന്നത് അവരാണ്.രാജ്യത്തന്നെ വിജയപരാജയങ്ങൾ നിർണയിക്കുന്നത് അവരാണ് .21 കോടി മനുഷ്യരുടെ ഭക്ഷണവും വെള്ളവും വായുവും ആരോഗ്യവും ക്ഷേമവും അവരുടെ യജ്ഞത്തിന്റെ പ്രതിഫലനമായിരിക്കും. ഇതെല്ലാം അറിഞ്ഞിട്ടും രാജ്യം ശാസ്ത്ര സാങ്കേതിക വികസനത്തിന് പ്രാധാന്യം നൽകുന്നില്ല. ശാസ്ത്ര സാങ്കേതികവിദ്യക്ക് ആവിശ്യമായ മനുഷ്യവിഭവശേഷിയും പ്രകൃതി വിഭവങ്ങളുടെ സമാഹരണവും ശരി യായി ഉപയോഗിക്കുന്നതിൽ നടക്കുന്ന പ്രഖ്യാപനങ്ങൾക്കപ്പുറം പദ്ധതി വിഹിതത്തിൽ കാര്യമായ വളർച്ചയൊന്നും കാണുന്നില്ല. ഇന്ത്യയെക്കാൾ വലിയ നമ്പത്തിക സാമ്രാജ്യമായിരിക്കേ തന്നെ അമേരിക്കയു ചൈനയും യഥാക്രമം ജി ഡി പി യുടെ 2.6% വും 1.5% ശതമാനവും ശാസ്ത്ര സാങ്കേതിക

വികസനത്തിനായി വിനിയോഗിക്കുമ്പോൾ ഇന്ത്യ ഇപ്പോഴും ഗവേഷണങ്ങൾക്കായി ചിലവിടുന്നത് GDP യുടെ വെറും 0.9% മാത്രമാണ്

ഇന്ത്യയിൽ KG മുതൽ PG വരെ ഒരു ക്ലാസിലും പരീക്ഷണങ്ങൾക്കും സ്വയം കണ്ടെത്തലുകൾക്കും പ്രാധാന്യം നൽകുന്നില്ല. പകരം ഉയർന്ന മാർക്ക് നേടുന്നതിലും മത്സര പരീക്ഷയിൽ മികവ് തെളിയിക്കുന്നതിലുമാണ് രക്ഷിതാക്കളും അധ്യാപകരും ഒരുപോലെ പ്രാധാഗ്യം നൽകുന്നത്. അവരെ പുസ്തകപ്പുഴുക്കളാക്കുന്നതിലൂടെ നഷ്ടമാകുന്നത് വിദ്യർഥികളിലെ സ്വതന്ത്ര ചിന്തയും പര്യവേക്ഷണ കലയുമാണ് കുട്ടികൾ ചോദിക്കുന്ന കൊച്ചു കൊച്ചു ചോദ്യങ്ങൾക്ക് പുസ്തക വരികൾ മാത്രം ഉത്തരം പറയുമ്പോൾ അതിനപ്പുറത്തുള്ള ലോകം അവർക്ക് അന്യമായിത്തീരുകയും പുസ്തകച്ചട്ടക്കകത്ത് അവരുടെ ധൈഷണിക കഴിവിനെ അടക്കം ചെയ്യുകയുമാണ് നാം ചെയ്യുന്നത്.

ഇത്തരം കാല ഹരണപ്പെട്ട പാല പദ്ധതികൾക്ക് പകരം പരിശീലനം സിദ്ധിച്ച അധ്യാപകരും ഗവേഷണത്തിലൂടെയും പഠിക്കാൻ അവസരവും നൽകി അവരിൽ ഉറങ്ങിക്കിടക്കുന്ന ശാസ്ത്ര പ്രതിഭയെ വിളിച്ചുണർത്തുകയാണ് വേണ്ടത്.ഇതിന് ഉതകുന്ന തരത്തിലുള്ള മികച്ച കരിക്കുലവും അധ്യാപകരും നമുക്കാവശ്യമാണ്.ഒ ശ (സ്ത്ര സാങ്കേതിക കലാലയങ്ങളുടെ അഭാവവും അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് .ഒരു എജ്യൂഹബ്ബായ കേരളത്തിൽ പോലും ഒരു ഐ ഐ ടിയൊ ലോകനിലവാരം പുലർത്തുന്ന ഗവേഷണ സ്ഥാപനങ്ങളോ ഇല്ല എന്നത് അതിന്റെ ഗൗരവം വിളിച്ചോതുന്നു

കോടികൾ ചെലവഴിച്ച് നിർമിച്ച ഇത്തരം സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പുറത്തിറങ്ങുന്ന വിദ്യാർഥികൾ സ്വകാര്യ ലാഭം നോക്കി പുറത്തേക്ക് പോകുന്നതിന് അവസരങ്ങൾ ഇല്ലാതാക്കുന്നതിനെക്കുറിച്ചും കേന്ദ്ര സംസ്ഥാന സർക്കാറുകൾക്ക് ആലോചിക്കാവുന്നതാണ് .ഇതര പോതു സ്വകാര്യ കേളേജുകളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടി പുറത്തു കടക്കുന്ന എം .ബി .ബി .എസ്സുകാരും എ എൻജിനീയർമാരും എം.എസ്സിക്കാരുമെല്ലാം വെറും ഷോപ്പ് കീപ്പർ മാരായി മാത്രം മാറുന്നത് അവരിലെ ശാസ്ത്ര പ്രതിഭയെ കണ്ടെത്താത്തത് മൂലമാണ്. ഇത്യയുടെ ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് യുവത്വത്തെ ലഭിക്കാൻ

പോകുന്നത് ഇത്തരത്തിലുള്ള നിരവധി കാരണങ്ങൾ കൊണ്ടാണ്. ആധുനിക ലോകത്ത് ഇന്ത്യയിലെ 121 കോടി ജനങ്ങളുടെ സുഖകരമായ ആവാസത്തിനും പരിസ്ഥിതിയുടെ നിലനിൽപ്പിനും പഴയ നിദ്ധാന്തങ്ങൾ കൊണ്ടോ കാഴ്ച്ചപ്പാടുകൾ കൊണ്ടോ മാത്രം സാദ്ധ്യമല്ല .21ാം നൂറ്റാണ്ടിൽ ഇന്ത്യക്ക് മുന്നേറണമെങ്കിൽ ശസ്ത്രസാങ്കേതികവിദ്യയുടെ കരുത്ത് അനിവാര്യമാണ്.

ഒരു ഉൽപ്പന്നത്തിന്റെ കണ്ടുപിടുത്തം എന്നതിലുപരി ഒരു രാഷ്ട്രം അതിന്റെ ശാസ്ത്ര സാങ്കേതികത കണ്ട് ലക്ഷ്യം വെക്കുന്നത് സമൂഹം നേരിടുന്ന വെല്ലുവിളികളെ ശരിയാംവണ്ണം പ്രതിരോധിക്കലും സാമൂഹിക ക്ഷേമവുമാണ്. നാം നേരിടുന്ന ദാരിദ്യം, നിരക്ഷരത, അനാരോഗ്യം, തൊഴിലില്ലായ്മ, തീവ്രവാദ പ്രവണതകൾക്കുള്ള സാഹചര്യം തുടങ്ങിയ വെല്ലുവിളികൾക് ശാസ്ത്ര മേഖല ഉത്തരം നൽകുമ്പോൾ മാത്രമാണ് ശാസ്ത്രം സുസ്ഥിര ഭാവി ക്കെന്ന മഹത്തായ വാചകം അർഥവത്താക്കുന്നത്...



SandraPrakash

# വിദ്യാർത്ഥികളുടെ കലാവിരുന്നുകൾ







ഹയർ സെക്കൻഡറി വിഭാഗം കാർട്ടൂൺ മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ എ. ശ്രീറാം. (മീനങ്ങാടി ഗവ. ഹയർ സെക്കൻഡറി സ്കൂൾ)



Save fuel for better environment.
YOU HAVE POWER TODAY TO SAVE TOMORROW
RENEWABLE ENERGY
WIND VANE
SOLAR PANEL
BIOGAS
HYDRO ELECTRICITY
THERMAL COOKER
TODAY ITSELF WE CAN START TO PROTECT FUEL.
SAVE EARTH
SAVE FUEL SAVE OUR PLANET




F D CORNER
Shahalla Sherin


by
Nayana Prem
IX.H


By: Adithya.B.k
IX H


Archana Sankar
IX H



# സംസ്ഥാന മേളകളിൽ മികവ് തെളിയിച്ചവർ

## കലാമേള



# വഞ്ചിപ്പാട്ട് A Grade




# ശാസ്ത്രമേള


MHAMMAD MUSTHAKIM
Book Binding A Grade
SUNIL T K
Teaching Aid A Grade
DAN MATHEW SAJ
Web page designing A Grade
SEBIN MATHEW
Maths Quiz
SANDRA PRAKASH
C V Raman essay A Grade
NEVIN VINCENT
Improviced experiment A Grade
DENIZ ANIL
Improviced experiment A Grade

# കായികമേള


ATHIQ SAMAN
ANANYA NV
AMJIT ALAN
DIYAFATHIMA
ANGELPOULOSE
ABINDAS
ALBIN DILEEP
ABINA BABU
ALAKANANDHA
BILNA ELDHO
DEVANANDA VINOD
IRINE THOMAS
AFLIYA JOSE
ARYANANDHA SANTOSH
DEVIKEERTHANA
BASIL ELDHO
HARIDAS K
ARJUN EB
ANJANA AM

# ജില്ലാ ഐ ടി മേളയിൽ മികവ് തെളിയിച്ചവർ



# little kite ഉയർന്നതല ക്യാമ്പിൽ പങ്കെടുത്തവർ



# പിന്നണിയിൽ ഇവർ



## പദശേഖരം


admier....13

bestowed....14

Dews....15

muttered....24

mysteries....23

transferred....24

environment....58

non-fiction....21

अकेले....47

आउट....16

प्रकटयन्तः....30

बोलिंग....16

विश्वासयोग्यं....19

അജ്ഞാത....42

അടക്കാപൂവും....29

അണിയറശിൽപ്പി....4

അസംബ്ലി....10

ആൽബപുസ്തകം....8

ഇ ലോകം....5

ഏകത്വം....39

കഥാകൃത്തും....28

കൃതി....26

ജില്ലാ പഞ്ചായത്ത് അംഗം....12

താങ്ങുവടി....54

പരിഷ്ക്കർത്താവും....28

പുതുഭാവം....4

ബീജാവാപം....5

മാനംകറുത്തു....35

മാമലകൾ....38

മേന്മകൾ....11

വജ്രജൂബിലി....12

വേനലവധി....9


THANKS ®
KITE
littlekites
ghss meenangadi
wayanad,kerala
littlekites15048@gmail.com
ph: 248570